**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 79** **16-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന പോലീസ് സേന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന പോലീസ് സേനയെ രാജ്യത്തെ ഏറ്റവും മികച്ച സേനയായി മാറ്റുന്നതിന് ഈ സർക്കാർ എന്തെല്ലാം പ്രത്യേക പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ കാലയളവിൽ സംസ്ഥാന പോലീസ് സേനയെ രാജ്യത്തെ ഏറ്റവും മികച്ച സേനാവിഭാഗമായി മാറ്റുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | രാജ്യത്തെ ഏറ്റവും മികച്ച മൂന്ന് സൈബർ വിഭാഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് ഡാറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ മത്സരത്തിൽ തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. 2024-ൽ ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ മാത്സരത്തിൽ "Award for Pioneering Digital Forensic Capabilities of Government Institutions" എന്ന കാറ്റഗറിയിൽ തിരുവനന്തപുരം സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സൈബർ വിഭാഗത്തെ രാജ്യത്തെ ഏറ്റവും മികച്ച മൂന്ന് സൈബർ വിഭാഗങ്ങളിൽ ഒന്നായി പ്രഖ്യാപിച്ചു. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാന പോലീസ് സേനയ്ക്ക് ഏതെല്ലാം മേഖലയിലെ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരങ്ങൾ ലഭിച്ചതെന്ന് അറിയിക്കാമോ; | (സി) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാന പോലീസ് സേനയ്ക്ക് വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് ലഭിച്ച പുരസ്കാരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ഡി) | കുറ്റാന്വേഷണ മികവിൽ ദേശീയ തലത്തിൽ തന്നെ മുൻനിരയിലുള്ള സംസ്ഥാന പോലീസ് സേന ഈ കാലയളവിൽ തെളിയിച്ച പ്രധാന കേസുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ; | (ഡി) | അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |
| (ഇ) | പൊതുജനങ്ങൾക്കാവശ്യമായ ബോധവൽക്കരണവും സന്ദേശങ്ങളും നിർദേശങ്ങളും നൽകുന്നതിൽ സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ? | (ഇ) | കേരളാ പൊലീസ് സോഷ്യൽ മീഡിയയിലൂടെ പൊതുജനങ്ങൾക്ക് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ, വ്യാജ വാർത്തകൾ, ട്രാഫിക്ക് നിയമലംഘനം, ലഹരി ഉപയോഗം, കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, വിദേശ ജോലി/തൊഴിൽ തട്ടിപ്പ് തുടങ്ങിയ വിഷയങ്ങളിൽ നിരന്തരം ബോധവത്കരണം നൽകിവരുന്നുണ്ട്. ഫേസ് ബുക്ക്, ഇൻസ്റ്റഗ്രാം, എക്സ്, യൂട്യൂബ് പോലുള്ള |

| | | | |
|---|---|---|---|
| | | | മുൻനിര സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് വിവിധ പോസ്റ്ററുകൾ, വീഡിയോകൾ, റീലുകൾ എന്നിവ പ്രചരിപ്പിക്കുന്നു. കേരളാ പൊലീസ് സോഷ്യൽ മീഡിയ സെല്ലിന് 2 മില്ല്യൺ ഫോളോവേഴ്സും, സ്റ്റേറ്റ് മീഡിയ സെന്ററിന് 574K ഫോളോവേഴ്സുമുണ്ട്. |

സെക്ഷൻ ഓഫീസർ

## ആധുനികവത്കരണത്തിനായി സ്വീകരിച്ച നടപടികൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2021-22 സംസ്ഥാന പ്ലാൻ പദ്ധതി പ്രകാരം 80 പോലീസ് സ്റ്റേഷനുകളിലേക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനും basic training unit, smart storage system എന്നിവ സ്ഥാപിക്കുന്നതിനായി ആകെ 4 കോടി രൂപ ജില്ലാ പോലീസ് മേധാവിമാർക്ക് നൽകുകയും പ്രസ്തുത തുക വിനിയോഗിച്ച് നിർദ്ദേശിച്ച ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങിയിട്ടുള്ളതുമാകുന്നു. കൂടാതെ എല്ലാ സബ് ഡിവിഷനുകളുടെയും നവീകരണത്തിനായി 2 കോടി രൂപ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും സംസ്ഥാന പ്ലാൻ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിലേക്ക് അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി 13.55 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

സംസ്ഥാന പ്ലാൻ, MoPF പദ്ധതികൾ പ്രകാരം 266.62/- ലക്ഷം രൂപ വിനിയോഗിച്ച് ലഹള നിയന്ത്രണ ഉപകരണങ്ങളായ body protective gear, helmet, shield, Heavy Movable Barricade എന്നിവ വാങ്ങി എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും ബറ്റാലിയനുകൾക്കും training യൂണിറ്റുകൾക്കും നൽകിയിട്ടുണ്ട്. കൂടാതെ 2021-22 ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിനായി 15 ലക്ഷം രൂപ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിക്ക് നൽകുകയും മുഴുവൻ തുകയും വിനിയോഗിച്ച് അവശ്യവസ്തുക്കൾ വാങ്ങിയിട്ടുള്ളതുമാകുന്നു. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി വനിതകൾ കൂടുതലായി പ്രവൃത്തിയെടുത്തു വരുന്ന പോലീസ് സ്റ്റേഷനുകളിലും ഓഫീസുകളിലും ട്രെയിനിംഗ് സെന്ററുകളിലും Napkin Vending Machine, incinerator എന്നിവ സ്ഥാപിക്കുന്നതിനായി 14,22,324/- രൂപ അനുവദിക്കുകയുണ്ടായി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന പ്ലാൻ പദ്ധതി 2021-2022 പ്രകാരം 50 ലക്ഷം രൂപ (10 ലക്ഷം രൂപ വീതം മലപ്പുറം, കൊല്ലം സിറ്റി, കൊല്ലം റൂറൽ, വയനാട്, തൃശ്ശൂർ സിറ്റി എന്നീ ജില്ലകൾക്കായി) സ്പെഷ്യൽ ഏര്യ കൺട്രോൾ റൂം വികസനത്തിനായി നൽകുകയും ആയതിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

State Plan Scheme 2021-2022 പ്രകാരം 42 ലക്ഷം രൂപ എല്ലാ ജില്ലകളിലേയും വനിതാ കൗൺസിലർമാർക്കും നിർഭയ വോളന്റിയർമാർക്കും റെമ്യൂണറേഷൻ നൽകുന്നതിലേക്കായി നൽകുകയുണ്ടായി. 10 ലക്ഷം രൂപ Women victim support Scheme നടപ്പാക്കുന്നതിലേക്കായി 20 ജില്ലാ പോലീസ് മേധാവിമാർക്ക് നൽകുകയുണ്ടായി.

സ്റ്റേറ്റ് പ്ലാൻ സ്കീം 2021-2022 പ്രകാരം കൺട്രോൾ റൂം സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി Work Stations, Video Walls എന്നിവയുടെ നിർമ്മാണത്തിനായി 30 ലക്ഷം രൂപ വീതം തൃശ്ശൂർ റൂറൽ, കണ്ണൂർ സിറ്റി, പാലക്കാട് (ആകെ 90 ലക്ഷം രൂപ) എന്നീ ജില്ലാ പോലീസ് മേധാവിമാർക്ക് നല്കിയിട്ടുണ്ട്.

18.71 കോടി രൂപ ചെലവിൽ 12 ജില്ലകളിൽ District Forensic Laboratories സ്ഥാപിച്ചു പ്രവർത്തന സജ്ജമാക്കി. ശാസ്ത്രീയ കുറ്റാന്വേഷണം ശക്തിപ്പെടുത്തുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ Refrigerated Centrifuge, Mobile Compactor Storage തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിലേക്ക് ലഭ്യമാക്കുകയുണ്ടായി.

സംസ്ഥാന പ്ലാൻ പദ്ധതി 2021-2022 പ്രകാരം 22 ലക്ഷം രൂപ Chiri Help desk-ന്റെ പ്രവർത്തനത്തിനായി പോലീസ് ഇൻസ്പെക്ടർ ജനറൽ, കോസ്റ്റൽ സെക്യൂരിറ്റിക്ക് നൽകിയിട്ടുണ്ട്.

സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 പ്രകാരം കമ്മ്യൂണിറ്റി പോലീസിങ്ങിന്റെ ഭാഗമായി കമ്മ്യൂണിറ്റി മീഡിയേഷൻ സെന്ററിനായി, DPC Kochin City-ക്ക് 10 ലക്ഷം രൂപ അനുവദിച്ചു. Hope-ന്റെ പ്രവർത്തനങ്ങൾക്കായി IGP Coastal Security-ക്ക് 4 ലക്ഷം രൂപ അനുവദിച്ചു. Senior Citizen Helpline & Hotline (Snehasparsam) തുടങ്ങിയ പദ്ധതികൾക്കായി എല്ലാ ജില്ലാ പോലീസുകൾക്കുമായി 6 ലക്ഷം രൂപ അനുവദിച്ചു. ജനമൈത്രി ബീറ്റ് ഓഫീസേഴ്സ് & ട്രൈബൽ ജനമൈത്രി മാസ്റ്റർ ട്രെയിനേഴ്സ് എന്നിവയ്ക്കായി എല്ലാ പോലീസ് ജില്ലകൾക്കുമായി 20 ലക്ഷം രൂപ അനുവദിച്ചു. ട്രാഫിക് ബോധവൽക്കരണ പരിപാടികൾക്കായും ഡ്രഗ് ഉപയോഗ നിരോധനത്തിനുമായും 10 ലക്ഷം രൂപ ക്രൈം ബ്രാഞ്ചിന് അനുവദിച്ചു.

2022-2023 സാമ്പത്തിക വർഷം പോലീസ് സ്റ്റേഷനുകളിൽ 'Women Help Desk' ശാക്തീകരിക്കുന്നതിന്റെ ഭാഗമായി Ministry of Home Affairs 250 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത ഫണ്ട് ഉയോഗിച്ച് തിരഞ്ഞെടുക്കപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ MHA നിഷ്കർഷിച്ചിട്ടുള്ള സാധന സാമഗ്രികൾ വാങ്ങിയിട്ടുണ്ട്.

- സംസ്ഥാന പ്ലാൻ പദ്ധതി 2022-23 പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ലഹള നിയന്ത്രണ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

| ഉപകരണങ്ങൾ | എണ്ണം |
|---|---|
| Body Protective Gear | 1250 |
| Fibre Shield | 2000 |
| NDPS Detection Kit | 25 |
| Helmet | 4200 |
| Heavy Movable Barricade | 76 |

ഇത് കൂടാതെ തിരഞ്ഞെടുത്ത 25 സബ് ഡിവിഷനുകളുടെ ശാക്തീകരണത്തിനായി 215 ലക്ഷം രൂപ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും അനുവദിച്ചു നൽകുകയും പ്രസ്തുത ഫണ്ട് വിനിയോഗിച്ച് അത്യാവശ്യ ഉപകരണങ്ങൾ വാങ്ങി സബ് ഡിവിഷനുകളിൽ ഉപയോഗിച്ച് വരുന്നു. ഇതു കൂടാതെ PHQ, ADGP L&O Office, Zonal Office, Range Offices എന്നിവിടങ്ങളിൽ അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഒരു കോടി രൂപ സംസ്ഥാന പ്ലാൻ പദ്ധതി പ്രകാരം ലഭിക്കുകയും ടി ഫണ്ട് ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതാകുന്നു.

സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23-ന്റെ ഭാഗമായി ഒരു കോടി രൂപ 20 പോലീസ് ജില്ലകൾക്ക് 50 പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദ സ്റ്റേഷൻ ആക്കുന്നതിനു വേണ്ട ചെലവുകൾക്കായി അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന പ്ലാൻ പദ്ധതി പ്രകാരം 2023-2024 വർഷത്തിൽ സർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗിച്ചുള്ള വാങ്ങലുകളും പ്രവർത്തനങ്ങളും നടന്നുവരുന്നു.

MoPF പദ്ധതി പ്രകാരം 9 ജില്ലകളിൽ (Thrissur City, Kozhikkodu City, Kollam City, Kottayam, Alappuzha, Kozhikkodu Rural, Kannur City, Malappuram, Thiruvananthapuram (Rural) CCTV Surveillance System ന് പുറമേ 855.32 ലക്ഷം രൂപ ചിലവിൽ CCTV Surveillance System സ്ഥാപിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി "INTEGRATED DIGITAL TRAFFIC ENFORCEMENT SYSTEM" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് "BOOT" (Build Operate Own Transfer) പ്രകാരം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

ആധുനിക സാങ്കേതിക വിദ്യയിൽ ഉള്ള Vehicle mounted GPS system, Unmanned Aerial Vehicle തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. ജീവഹാനി കൂടാതെ സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവീര്യമാക്കുന്നതിനും 'Robotic Mobile Explosive Cutter Vehicle', Unmanned Aerial Vehicle, BDDS ടീമിന് ആവശ്യമായ Bomb suit, Explosive Detector, Portable X Ray Machine,

Dangerous Liquid Detector, Vehicle Mounted X Ray Baggage Inspection System തുടങ്ങിയവയും വാങ്ങുകയുണ്ടായി.

MoPF പദ്ധതി 2019-20 പ്രകാരം SSB യുടെ Security Infrastructure വിപുലീകരിക്കുന്നതിനായി 228 ലക്ഷം രൂപാ ചെലവിൽ Explosive Vapour Detectors വാങ്ങിയിട്ടുണ്ട്.

2021-22 കാലയളവിൽ MoPF 2014-15, 2017-18 ഫണ്ട് ഉപയോഗിച്ച് BDDS Intelligence-ന്റെ Infrastructure Security വിപുലീകരിക്കുന്നതിനായി 42 ലക്ഷം രൂപ ചെലവിൽ DFMD-കൾ, 49 ലക്ഷം രൂപ ചെലവിൽ NLJD- കൾ എന്നിവയും വാങ്ങിയിട്ടുണ്ട്.

പോലീസ് സേനയുടെ നവീകരണത്തിനായി സുരക്ഷാ ഉപകരണങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി 2021-22, പദ്ധതി പ്രകാരം ബുള്ളറ്റ് പ്രൂഫ് ജാക്കറ്റുകൾ, Thermal Night Vision Devices, LED Torch - എന്നിവ 122 ലക്ഷം രൂപ ചെലവിൽ വാങ്ങിയിട്ടുണ്ട്.

2022-23 സ്റ്റേറ്റ് പ്ലാൻ പദ്ധതി പ്രകാരം സേനയുടെ സുരക്ഷാ സംബന്ധമായ വിപുലീകരണത്തിനായി DFMD, HHMD, DSMD, X-ray Baggage Scanner, Vehile Mounted Jammer, Under Vehicle Scannner തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ 58 ലക്ഷം രൂപ ചെലവിൽ വാങ്ങുകയുണ്ടായി.

2022-23 സ്റ്റേറ്റ് പ്ലാൻ പദ്ധതി പ്രകാരം 200 ലക്ഷം രൂപ ചെലവിൽ പോലീസ് സേനയിൽ ATS-നെ ശക്തിപ്പെടുത്തുന്നതിനായി Media Analysis Software/equipment, Ballistic Helmet, BP Jacket, Knee & Elbow Pad, Tactical Shoes, Face Mask, തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ കൂടാതെ Satellite phone, Mini Wireless Wifi Camera, laptop, GPS തുടങ്ങിയ digital ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

2021-22 ലെ സ്റ്റേറ്റ് പ്ലാൻ പദ്ധതി പ്രാകരം പ്രകാരം 50 ലക്ഷം രൂപ ചെലവിൽ up-gradation of Railway Integrated Emergency Service System integrated with dial no. 112 in the Control Room of GRP Kerala യുടെ ഭാഗമായി connectivity, software installation ഉൾപ്പെടെ 52 മൊബൈൽ ഫോണുകളും വാങ്ങുകയുണ്ടായി.

2021-22 ലെ സ്റ്റേറ്റ് പ്ലാൻ പദ്ധതി വിഹിതം പ്രകാരം 75 ലക്ഷം രൂപ ചെലവിൽ Revamping Internal Security wings of State Special Branch: Software & accessories for Social Media Analysis Unit, under the Scheme for infrastructure for internal security (Continuing Scheme) യുടെ ഭാഗമായി 68 കമ്പ്യൂട്ടർ വാങ്ങുകയുണ്ടായി.

2021-22 സ്റ്റേറ്റ് പ്ലാൻ സ്കീം-ൽ Technology Upgradation of Cyber Crime Investigation & Cyber Security 50 ലക്ഷം രൂപ സൈബർ ഡോം കോഴിക്കോട് സിറ്റിക്ക് അനുവദിച്ചിരുന്നു. സ്കീം പ്രകാരം ലഭിച്ച തുക essential tool വാങ്ങുന്നതിലേക്കായി വിനിയോഗിച്ചിട്ടുണ്ട്.

2021-22 സ്റ്റേറ്റ് പ്ലാൻ പ്രകാരം 262 ലക്ഷം രൂപ APS-ന് imaging Hardware/Live Forensics/Analysis Tools/Mobile Forensics/Forensic work station/Investigating officers tools/Equipment for investigation division/Digital repository and analysis/CDR analysis Tools, Saju House/Equipments for intelligence & analysis unit/Social media analysis എന്നിവ വാങ്ങുന്നതിലേക്കായി Anti Terrorist Squad സ്കീം പ്രകാരം ലഭിച്ച തുക ആയതിലേക്കായി വിനിയോഗിച്ചിട്ടുണ്ട്.

Training Infrastructure and equipment for Armed Police Battalion ന് വേണ്ടി 2022-23 ലെ സ്റ്റേറ്റ് പ്ലാൻ പ്രകാരം 70 ലക്ഷം രൂപ വകയിരുത്തിയത് എല്ലാ ബറ്റാലിയനിലെയും ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റിന് വേണ്ടി വിനിയോഗിച്ചിട്ടുണ്ട്.

2021-22 ലെ പദ്ധതി വിഹിതം പ്രകാരം 20 ലക്ഷം രൂപ ചെലവിൽ Revamping Internal security wings of State Special Branch: Setting up Central Monitoring System ന് വേണ്ടി ഉപയോഗിച്ചു.

വിവിധ വർഷങ്ങളിലെ സ്റ്റേറ്റ് പ്ലാനിലും MoPF ലുമായി അനുവദിച്ച തുക ഉപയോഗിച്ച് TVPM Rural, Kollam Rural, Thrissur Rural, Palakkad, Malappuram, Wayanad, Kasaragod, Kannur, Idukki, Kottayam Pathanamthitta, Malappuram, Kozhikod City, Eranakulam Rural, Alappuzha, Kollam City എന്നീ ജില്ലകളിൽ 1902.05 ലക്ഷം രൂപ ചെലവിൽ ജില്ലാ അതിർത്തികൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ Automatic Number plate Recognition System (ANPR) System for Border Ceiling സ്ഥാപിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

MoPF പദ്ധതി പ്രകാരം 9 ജില്ലകളിൽ (Thrissur City, Kozhikkodu City, Kollam City, Kottayam, Alappuzha, Kozhikkodu Rural, Kannur City, Malappuram, Thiruvananthapuram (Rural) CCTV Surveillance System ന് പുറമേ 855.32 ലക്ഷം രൂപ ചെലവിൽ CCTV Surveillance System സ്ഥാപിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

സംസ്ഥാനത്തെ എല്ലാ ലോക്കൽ പോലീസ് സ്റ്റേഷനുകൾ ഉൾപ്പടെ 520 പോലീസ് സ്റ്റേഷനുകളിലും സിസിടിവി ക്യാമറകളും കൂടാതെ, എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സിസിടിവി ക്യാമറ മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുള്ളതും ആയത് പ്രവർത്തിച്ചുവരുന്നതുമാണ്.

ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും, ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി “INTEGRATED DIGITAL TRAFFIC ENFORCEMENT SYSTEM” എന്ന പദ്ധതി നടപ്പിലാക്കുന്നതിന് “BOOT” (Build Operate Own Transfer) പ്രകാരം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

2023-24 സ്റ്റേറ്റ് പ്ലാൻ പദ്ധതി പ്രകാരം 388.05 ലക്ഷം രൂപ ചിലവിൽ 4 ജില്ലകളിൽ (Thiruvananthapuram Rual, Eranakulam Rural, Palakkad, Kasaragod) ജില്ലാ അതിർത്തികൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ Automatic Number Plate Recognition System (ANPR) System for Border Ceiling സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

2023-24 സ്റ്റേറ്റ് പ്ലാൻ പദ്ധതി പ്രകാരം മലപ്പുറം സ്പെഷ്യൽ Operation Group-ന്റ നവീകരണത്തിനായി Training & Infrastructure വിപുലീകരിക്കുന്നതിനായി 110.33 ലക്ഷം രൂപ ചെലവിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ iAPS (Internal Administrative Processing System) പ്രോജക്ടിലേക്കായി 200 കമ്പ്യൂട്ടറുകൾ, 26 സ്കാനറുകൾ എന്നിവയും പ്രസ്തുത പദ്ധതി പ്രകാരം വാങ്ങിയിട്ടുണ്ട്.

പോലീസ് സേനയിൽ Strengthening Intelligence വിപുലീകരിക്കുന്നതിനായി 2023-24 പദ്ധതി പ്രകാരം Internal security, VVIP Security എന്നീ മേഖലകളിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനും കൂടുതൽ സുരക്ഷാ ഉപകരണങ്ങൾ- DFMD, HHMD, NLJD, DSMD, xplosive Vapour Detector,

Bomb Suit, Bomb inhibitor, തുടങ്ങിയവ വാങ്ങുന്നതിനുമായി 130 ലക്ഷം രൂപാ ചിലവിൽ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

പദ്ധതി വിഹിതം 2021-22, 2022-23, 2023-24 290 ലക്ഷം രൂപ ചെലവിൽ Artificial Intelligence (For crowd control and surveillance facial identification, scanning video footage for anomalies etc) based mobile application വികസിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്.

കൂടാതെ പദ്ധതി വിഹിതം 2021-22, 2022-23, 2023-24 പ്രകാരം 440 ലക്ഷം രൂപ ചെലവിൽ Upgradation of Telecommunication capabilities ഭാഗമായി Swoftware - Defined Wide Area Network (SD-WAN) വികസിപ്പിച്ചു വരുന്നു.

2022-23 ലെ പദ്ധതി വിഹിതം പ്രകാരം 10 ലക്ഷം രൂപ Infrastructure & Logistics for Traffic Signal Maintenance and Monitoring Centre-ന് വേണ്ടി വിനിയോഗിച്ച് വരുന്നു.

പദ്ധതി വിഹിതം 2022-23, 2023-24 587 ലക്ഷം രൂപ Scheme for Crime and Criminal Tracking Network and Systems (CCTNS) ന് വേണ്ടി ഉപയോഗിച്ചു വരുന്നു.

പദ്ധതി വിഹിതം 2022-23, 2023-24 82.5 ലക്ഷം രൂപ Scheme for Setting up of Kerala Police Data Centre-നു വേണ്ടി ഉപയോഗിച്ചു വരുന്നു.

പദ്ധതി വിഹിതം 2023-24 ന്റെ ഭാഗമായി 110 ലക്ഷം രൂപ ചെലവിൽ ട്രാഫിക് പൊലീസിനു വേണ്ട ഉപകരണങ്ങൾ വാങ്ങുന്ന പ്രവർത്തനം പുരോഗമിക്കുന്നു.

കൂടാതെ പോലീസ് ആധുനിക വൽക്കരണത്തിന്റെ ഭാഗമായി 20 പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് ആക്കുന്നതിനായി 1,98,66,000 രൂപ ചെലവിലുള്ള പദ്ധതികൾ പുരോഗമിക്കുന്നു.

പോലീസ് സേനയുടെ കാര്യക്ഷമത നിലനിർത്തുന്നതിനും സേനയെ കാലാനുസൃതമായി നവീകരിക്കുന്നതിനുമായി സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23 ൽ 3 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് CCTNS-നു ആവശ്യമായ Infrastructure Digital Signature വാങ്ങുകയും Operation & Maintenance നടത്തുകയും ചെയ്തു. സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22, 2022-23 ൽ

Artificial Intelligence based Mobile Application-നു വേണ്ടി ഒരു കോടി രൂപ വീതം അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് Artificial Intelligence base Mobile Application വികസിപ്പിച്ചു വരുന്നു. കൂടാതെ സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22, 2022-23-ൽ Artificial Intelligence based Drone/Anti Drone സംവിധാനത്തിനു വേണ്ടി ഓരോ കോടി രൂപ വീതം അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച Drone Forensic Lab-ൽ ഇതിന്റെ പ്രവർത്തനം നടന്നു വരുന്നു ട്രാഫിക മാനേജ്മെന്റിനായി ലഭിച്ച തുക ഉപയോഗിച്ച് 106 ആൽക്കോമീറ്റർ, സ്പീഡ റഡാർ എന്നിവ വാങ്ങിയിട്ടുണ്ട്. ട്രെയിനിംഗിനും, റെയിൽവേ പോലീസ നവീകരണത്തിനുമായി സ്റ്റേറ്റ് പ്ലാൻ വഴി തുക അനുവദിക്കുകയുണ്ടായി. BDDS-ന് ആവശ്യമായ സെക്യൂരിറ്റി ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി 58 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് 8-DFMD, 11-HHMD എന്നിവി വാങ്ങിയിട്ടുണ്ട്. കൂടാതെ Anti Terrorist Squad-ന്റെ നവീകരണത്തിനായി 2 കോടി രൂപ അനുവദിച്ചിരുന്നു.

ആശയവിനിമയ രംഗത്ത് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കേരളാ പോലീസിന്റെ പ്രവർത്തന വൈദഗ്ധ്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ആവശ്യമായ ടെലി കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ വാങ്ങുന്നതിനായി സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23 ൽ 150 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23-ൽ സൈബർഡോമിനായി 465 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുക വിനിയോഗിക്കുകയും ചെയ്തു.

ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി സയൻറിഫിക് ഉപകരണങ്ങളായ Refrigerated centrifuge, Mobile Compactor Storage തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിലേക്ക് ലഭ്യമാക്കുകയുണ്ടായി.

<u>2024-2025</u>

- സംസ്ഥാന പ്ലാൻ പദ്ധതി 2024-2025 പ്രകാരം 1237.94 ലക്ഷം രൂപ Students Police Cadet പദ്ധതിക്ക് School level, District Level പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടുള്ളതാകുന്നു.
- സംസ്ഥാന പ്ലാൻ പദ്ധതി 2024-2025-ന്റെ ഭാഗമായി കണ്ട്രോൾ റൂമുകൾക്കുള്ള ലോജിസ്റ്റിക് സപ്പോർട്ട് പദ്ധതിയുമായി ബന്ധപ്പെട്ട് പോലീസ്

വാഹനങ്ങളിൽ Mobile Data Terminals ഘടിപ്പിക്കുന്നതിന് IGP, Cyber Operation-ന്റെ മേൽനോട്ടത്തിൽ 62.375 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയിട്ടുള്ളതാകുന്നു.

- സംസ്ഥാന പ്ലാൻ പദ്ധതി 2024-25 പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ലഹള നിയന്ത്രണ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

| ഉപകരണങ്ങൾ | എണ്ണം |
|---|---|
| Barricade | 90 |
| Fibre Shield | 1230 |
| Helmet | 1380 |

- സംസ്ഥാന പ്ലാൻ പദ്ധതി 2024-2025 പ്രകാരം 273 ലക്ഷം രൂപ community policing Scheme പ്രകാരം കുട്ടികളുടെയും സ്ത്രീകളുടെയും സംരക്ഷണത്തിനും, കടലോര സുരക്ഷാ & ജനമൈത്രി സുരക്ഷ എന്നിവക്കായി ഫണ്ട് അനുവദിക്കുകയും ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഫണ്ട് ജില്ലാ പോലീസ് യൂണിറ്റുകൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.
- സംസ്ഥാന പ്ലാൻ പദ്ധതി 2024-2025 പ്രകാരം 98.4 ലക്ഷം രൂപ എല്ലാ ജില്ലകളിലേയും വനിതാ കൗൺസിലർമാർക്കും 8 ജില്ലയിലെ നിർഭയ വോളൻറിയർമാർക്കും റെമ്യൂണറേഷൻ നൽകുന്നതിനു വേണ്ടി ജില്ലാ പോലീസ് മേധാവികൾക്കും അനുവദിക്കുകയുണ്ടായി.
- സംസ്ഥാന പ്ലാൻ പദ്ധതി 2024-2025 പ്രകാരം 25 ലക്ഷം രൂപ Women victim support Scheme നടപ്പിലാക്കുന്നതിലേക്കായി 20 ജില്ലാ പോലീസ് മേധാവിമാർക്ക് നൽകിയിട്ടുണ്ട്.
- ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗം കൊണ്ട് കുട്ടികളിൽ ഉണ്ടാകുന്ന മാനസിക വിഷമങ്ങൾ പരിഹരിക്കുന്നതിനായി കേരളത്തിലെ 6 മേജർ സിറ്റികളിൽ Digital De-Addiction Centres നടത്തുന്നതിനായി Social policing Directorate-ന് 30 ലക്ഷം രൂപ നൽകുകയുണ്ടായി.
- സംസ്ഥാന പ്ലാൻ പദ്ധതി 2024-25 പ്രകാരം CAP, Chiri SPG, CAP CLUB HOPE എന്നിവയ്ക്കായി 30 ലക്ഷം രൂപ ഫണ്ട് അനുവദിക്കുകയും ഈ

പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി ഫണ്ട് ജില്ലാ പോലീസ് യൂണിറ്റുകൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുള്ളതാണ്.

- സംസ്ഥാന പ്ലാൻ പദ്ധതി 2024-2025 പ്രകാരം പോലീസ് സ്റ്റേഷനുകളിൽ അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുന്നതിനായി Strengthening Resource of police station scheme പ്രകാരം 61.61 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുക വിനിയോഗിച്ച് പോലീസ് സ്റ്റേഷനുകളിൽ അത്യാവശ്യ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതുമാണ്.

2025-2026

- 2025-2026-ലെ സംസ്ഥാന പ്ലാൻ പദ്ധതിക്കായി 14.08.2025-ലെ സർക്കാർ ഉത്തരവ് Rt No.2755/2025/Home പ്രകാരം അനുവദിച്ച ഫണ്ട് ഉപയോഗിച്ചുള്ള വാങ്ങലും പ്രവർത്തനങ്ങളും നടന്നുവരുന്നു.

**നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിശീലനം**

കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-Human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും in service പരിശീലനം നൽകി വരുന്നു. ഇതിനായി North Eastern Police Academy (NEPA), CBI, National Investigation Agency, National Intelligence Academy, Sardar Vallabhai Paterl National Police Academy, Central Academy of Police Training (CAPT) Bhopal, NSG, Lok Nayak Jayaprakash Narayan National Institure of Criminology & Forensic Science, Central Detective Training Institute (CDTI) Hyderabad, Jaipur, Kolkata & Chandigarh, Intelligence Bureau, NCRB New Delhi എന്നീ സ്ഥാപനങ്ങളിൽ പരിശീലന പരിപാടികൾക്ക് പോലീസ് ഉദ്യോഗസ്ഥരെ സ്ഥിരമായി അയച്ച് വരുന്നു. കൂടാതെ ഇന്ത്യയിലെ പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികളുമായി ഉടമ്പടി പ്രകാരം യോഗ്യതയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരെ പോലീസിന്റെ പ്രവർത്തനങ്ങൾക്ക് ഉപയുക്തമായ നൂതന സാങ്കേതിക വിദ്യകളിൽ പോസ്റ്റ് ഗ്രാജുവേഷൻ ഡിപ്ലോമ, മാസ്റ്റർ ഡിഗ്രി എന്നീ പ്രോഗ്രാമുകൾക്കായും അയച്ച് വരുന്നു.

## സ്മാർട്ട് പോലീസ് സ്റ്റേഷൻ സ്ഥാപിക്കൽ

സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. പോലീസ് സ്റ്റേഷനുകളുടെ നിലവിലെ സാഹചര്യങ്ങളിൽ വിപ്ലവകരമായ ഒരു മാറ്റത്തിന് സ്മാർട്ട് പോലീസ് സ്റ്റേഷൻ വിഭാവനം ചെയ്യുന്നു. ഈ പോലീസ് സ്റ്റേഷനുകളിൽ സാധാരണക്കാരനെ കമ്പ്യൂട്ടർ പോലുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ സ്വാഗതം ചെയ്യുന്നു. ഒരു ഇലക്ട്രോണിക് ഉപകരണം വഴി അവർക്ക് പരാതി നൽകാം. ഒരു സ്മാർട്ട് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള താൽക്കാലിക എസ്റ്റിമേറ്റ് ഏകദേശം 300 ലക്ഷം വരും.

## നിർമിത ബുദ്ധി സാങ്കേതികവിദ്യ

പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്റ്റിന് തുടക്കമിട്ടു. വിവിധ പോലീസ് പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള ഉപകരണങ്ങൾ വികസിപ്പിക്കുന്നതിന് ഈ സാങ്കേതിക വിദ്യക്ക് നിർണ്ണായ പങ്കുണ്ട്. ആഗോള തലത്തിൽ പോലീസിംഗിന് നിർമിത ബുദ്ധി (Artificial Intelligence) ഒരു പ്രധാന ഉപകരണമായി മാറിയിരിക്കുന്നു. സംസ്ഥാനത്ത് നിർമിത ബുദ്ധി സാങ്കേതികവിദ്യ രണ്ട് തരത്തിൽ നടപ്പിലാക്കാൻ സാധിക്കും. 1) പോലീസിന്റെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായതും ലഭ്യമായതുമായ നിർമിത ബുദ്ധി സാങ്കേതിക വിദ്യയുടെ ഉപയോഗം 2) സംസ്ഥാന പോലീസ് പ്രവർത്തനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് സ്വന്തമായി നിർമിത ബുദ്ധിയിലധിഷ്ഠിതമായ സങ്കേതങ്ങൾ വികസിപ്പിപ്പിച്ച് പ്രവർത്തിപ്പിക്കുക.

Data-കൾ, ഫോട്ടോഗ്രാഫുകൾ, CCTV footage-കൾ, കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ, തെളിവ് ഫയലുകൾ തുടങ്ങിയ അതിവേഗം വിശകലനം ചെയ്യുവാൻ ഈ സാങ്കേതികവിദ്യ മൂലം സാധിക്കുന്നതുകൊണ്ട് കേസന്വേഷണങ്ങൾ ഫലപ്രദമാക്കുവാനും പഴുതില്ലാത്ത കുറ്റപത്രം തയ്യാറാക്കുവാനും സാധിക്കും.

## Emergency Response Support System (ERSS)

സ.ഉ.(ആർ.റ്റി) നം.3113/2017/ആഭ്യ. തീയതി 23.11.2017 എന്ന ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും National Emergency Response System (NERS) സംവിധാനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനം പിന്നീട് Emergency Response Support System (ERSS) എന്ന് പുനർ നാമകരണം

ചെയ്തു. പൊതുജനങ്ങൾക്ക് 112 എന്ന എമർജൻസി നമ്പർ മുഖേന അപകടങ്ങൾ, മദ്യപിച്ചുകൊണ്ടുള്ള അതിക്രമങ്ങൾ, വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ, കുടുംബ പ്രശ്നങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ, മോഷണം, കാണാതാകൽ, തീപിടുത്തം, പ്രകൃതി ദുരന്തങ്ങൾ, മറ്റ് അടിയന്തര സഹായം ആവശ്യമുള്ള ആരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്കായി അടിയന്തര പോലീസ് സഹായം ആവശ്യപ്പെടാവുന്നതും ഈ സംവിധാനം വഴി വളരെ വേഗവും കൃത്യവുമായ പോലീസ് സഹായം ഉറപ്പ് വരുത്തുവാനും സാധിക്കുന്നു. ഈ സംവിധാനം വഴി സേവനങ്ങളും സഹായങ്ങളും സ്വീകരിച്ചിട്ടുള്ള പൊതുജനങ്ങളിൽ ചിലർ അവർക്ക് ലഭിച്ച പോലീസ് സേവനങ്ങളിലും സഹായങ്ങളിലും നന്ദി അറിയിച്ചുകൊണ്ട് സാമൂഹ്യ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടത് ശ്രദ്ധേയമായിട്ടുണ്ട്. 01.06.2021 മുതൽ 10.06.2022 വരെ 1746503 ഫോൺ കോളുകളും 187127 മിസ്ഡ് കോളുകളും 102832 SMS കളും 3015 SoS സന്ദേശങ്ങളും ഇതുവഴി ലഭിച്ചിട്ടുണ്ട്. ഈ സംവിധാനം വഴി ലഭിക്കുന്ന ഫോൺ കോളുകളും സന്ദേശങ്ങളും ബന്ധപ്പെട്ട കൺട്രോൾ റൂമുകൾ, പോലീസ് സ്റ്റേഷനുകൾ എന്നിവയ്ക്ക് അതിവേഗം കൈമാറി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**<u>പുതിയ പോലീസ് സ്റ്റേഷനുകൾ</u>**

നിലവിലെ പോലീസ് സ്റ്റേഷനുകൾ വിഭജിച്ച് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിനായി ഏറെ ദൂരം സഞ്ചരിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാനും അവരുടെ പരാതികൾക്ക് അതിവേഗം നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുമെന്നും പോലീസ് സ്റ്റേഷനുകൾ വിഭജിച്ച് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതുമൂലം പ്രസ്തുത മേഖലയിലെ ക്രമസമാധാനം കൂടുതൽ കാര്യക്ഷമമാക്കുവാനും കഴിയുമെന്നത് മനസ്സിലാക്കി അത്തരമൊരു നയം സർക്കാർ സ്വീകരിക്കുകയും തുടർന്ന് 2016-17, 2017-18 എന്നീ വർഷങ്ങളിലെ രണ്ട് ബഡ്ജറ്റ് നിർദ്ദേശങ്ങളിലായി 13 പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് പ്രഖ്യാപനം നടത്തുകയും ആയത് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ആകെ ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ മാത്രമേ നിലവിലുണ്ടായിരുന്നുള്ളൂ. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു കൊണ്ടുള്ള ഡിജിറ്റൽവൽക്കരണം സംസ്ഥാനത്തെ ക്രിമിനൽ കേസുകളിൽ സൈബർ കുറ്റകൃത്യങ്ങൾ

വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടെന്നും സൈബർ ഇടങ്ങളിൽ സ്ത്രീകളും പ്രായമായവരും നേരിടുന്ന വെല്ലുവിളികളും അവർക്കെതിരെ ഉണ്ടാകുന്ന കുറ്റകൃത്യങ്ങളും അതുപോലെ ഓൺലൈൻ തട്ടിപ്പുകൾ അടക്കമുള്ള മറ്റ് കുറ്റകൃത്യങ്ങളും ഫലപ്രദമായി തടയുന്നതിനുമായി സംസ്ഥാനത്ത് എല്ലാ പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ വനിതാ പോലീസ് സ്റ്റേഷനുകൾ ഇല്ലാതിരുന്ന പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ റവന്യൂ ജില്ലകളിൽ 05.11.2019-ലെ GO (MS) No.175/2019/Home ഉത്തരവ് പ്രകാരം 4 വനിതാ പോലീസ് സ്റ്റേഷനുകൾ കൂടി ആരംഭിച്ചു.

**<u>പുതിയതായി ആരംഭിച്ച കൺട്രോൾ റൂമുകൾ</u>**

വടകര കൺട്രോൾ റൂമിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കായി സർക്കാർ ഉത്തരവ് (കൈ) നം.219/2017/ആഭ്യന്തരം തീയതി 27.10.2017 പ്രകാരം ഇൻസ്പെക്ടർ-1, സബ് ഇൻസ്പെക്ടർ-4, സീനിയർ സിവിൽ പോലീസ് ഓഫീസർ-5, സിവിൽ പോലീസ് ഓഫീസർ-23, വനിതാ സിവിൽ പോലീസ് ഓഫീസർ-7, പോലീസ് കോൺസ്റ്റബിൾ (ടെലി)-2, ഡ്രൈവർ-8 എന്നിങ്ങനെ 50 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (കൈ) നം.103/2018/ആഭ്യന്തരം തീയതി 19.06.2018 പ്രകാരം പയ്യന്നൂർ (കണ്ണൂർ), താനൂർ (മലപ്പുറം) എന്നിവിടങ്ങളിൽ പുതിയ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനായി ഈ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത മേഖലയിലെ ക്രമസമാധാനപാലനം കാര്യക്ഷമമായി കൈകാര്യം ചെയ്യുവാൻ മേൽപ്പറഞ്ഞ കൺട്രോൾ റൂമുകൾ സ്ഥാപിച്ചതുമൂലം സാധിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ഓരോ കൺട്രോൾ റൂമിലും ഇൻസ്പെക്ടർ-1, സബ് ഇൻസ്പെക്ടർ-3, സീനിയർ സിവിൽ പോലീസ് ഓഫീസർ-5, സിവിൽ പോലീസ് ഓഫീസർ-20, വനിതാ സിവിൽ പോലീസ് ഓഫീസർ-4, പോലീസ് കോൺസ്റ്റബിൾ (ടെലി)-2, ഡ്രൈവർ-5 എന്നിങ്ങനെ 40 വീതം ആകെ 80 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**<u>സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി</u>**

സൈബർ സുരക്ഷയ്ക്ക് ഭീഷണിയായി വർദ്ധിച്ച് വരുന്ന വെല്ലുവിളികളെ മുൻകൂട്ടി കാണുന്നതിനും നവീനമായ സാങ്കേതിക വിദ്യയുടെ സഹായത്താൽ

അവയെ തരണം ചെയ്യുന്നതിനും വേണ്ടി സംസ്ഥാനത്ത് സൈബർ പോലീസ് ഡിവിഷൻ ആരംഭിക്കുന്നതിന് 05.01.2024-ൽ സർക്കാർ ഉത്തരവ് (കൈ)നം.04/2024/ആഭ്യ. പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സൈബർ ഡിവിഷൻ ആസ്ഥാനം, സൈബർ പട്രോളിംഗ്, സൈബർ പോലീസ് സ്റ്റേഷൻ എന്നിവയിൽ ആകെ 466 തസ്തികകൾ സൈബർ ഡിവിഷന്റെ ഭാഗമാക്കിയിട്ടുണ്ട്. ഇതിൽ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ നിന്നും 261 (എസ്.ഐ.ടെലി – 54, എ.എസ്.ഐ ടെലി - 9, എച്ച്.സി. ടെലി – 61, പി.സി. ടെലി – 137) തസ്തികകൾ സൈബർ ഡിവിഷനായി മാറ്റിയിട്ടുണ്ട്. ബാക്കിയുള്ള 205 തസ്തികകൾ പുനർവിന്യാസംവഴി സൃഷ്ടിച്ചിട്ടുണ്ട് (എസ്.പി.–2, ഡി.വൈ. എസ്.പി.–4, ഐ.ഒ.പി.–13, എസ്.ഐ.–39, എസ്.സി.പി.ഒ.–84, സി.പി.ഒ.–63). സൈബർ ഡിവിഷന്റെ കീഴിൽ സൈബർ ഇടങ്ങളിലെ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനും കാര്യക്ഷമമായി അന്വേഷണം നടത്തുന്നതിനുമായി സൈബർ വഞ്ചന/സാമൂഹ്യ മാധ്യമ നിരീക്ഷണ വിഭാഗവും, സൈബർ സുരക്ഷാ വിഭാഗവും പരിശീലനവും കാര്യശേഷി വിഭാഗവും റിസർച്ച് & അനാലിസിസ് വിഭാഗവും പ്രത്യേകം പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുണ്ട്.

സൈബർ തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യുവാനും തടയുവാനുമായി 24*7 മണിക്കൂർ പ്രവർത്തിക്കുന്ന 1930 കോൾ സെന്ററുകളും കേരള സൈബർ ക്രൈം കോ-ഓഡിനേഷൻ സെന്ററും (C4) സൈബർ ഓപ്പറേഷൻ ആസ്ഥാനത്ത് സൈബർ വഞ്ചന/സാമൂഹ്യ മാധ്യമ നിരീക്ഷണ വിഭാഗത്തിന് കീഴിൽ പ്രവർത്തിച്ചു വരുന്നു.

2024 ഡിസംബർ 31 വരെ പബ്ലിക് ഔട്ട്റീച് വിംഗിന് കീഴിൽ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്ന 1930 സൈബർ ഹെൽപ്പ് ലൈൻ മുഖാന്തിരം **41426** സൈബർ പരാതികളാണ് പൊതുജനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ളത്. പ്രസ്തുത പരാതികളിൽ ആകെ **763** കോടി രൂപ നഷ്ടപ്പെടുകയും സൈബർ ഓപ്പറേഷൻസ് പബ്ലിക് ഔട്ട്റീച്ച് വിഭാഗത്തിന്റെ സത്വര ഇടപെടലിലൂടെ **107.40** കോടി രൂപ വീണ്ടെടുക്കുകയും ചെയ്തു. ഇന്ത്യയൊട്ടാകെ I4C-യുടെ കണക്ക് പ്രകാരം നഷ്ടപ്പെട്ട തുക തിരിച്ചുപിടിയ്ക്കുന്നതിൽ കേരള സംസ്ഥാനം 4-ാം സ്ഥാനത്താണ്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി 2024 ഡിസംബർ 31 വരെ **41746** ബാങ്ക് അക്കൗണ്ടുകളും **16387** സിംകാർഡുകളും **49830** DEVICE/ IMEI കളും ബ്ലോക്ക് ചെയ്തിട്ടുണ്ട്.

സദാസമയം ജാഗരൂകരായി പ്രവർത്തിക്കുന്ന അത്യാധുനിക സൈബർ സെക്യൂരിറ്റി വിഭാഗം സൈബർ ഡിവിഷന്റെ ഭാഗമാണ്. കേരള പോലീസിന്റെ കമ്പ്യൂട്ടറുകളും കമ്പ്യൂട്ടർ നെറ്റ്‌വർക്കുകളും സംരക്ഷിക്കുന്ന ചുമതലകൾക്കായി

സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് നം. S2-108467/2022/PHQ തീയതി 17-01-2024 പ്രകാരം ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് സൈബർ ഓപ്പറേഷനെ ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസറായും(CISO) സൂപ്രണ്ട് ഓഫ് പോലീസ് സൈബർ ഓപ്പറേഷൻസിനെയും സൂപ്രണ്ട് ഓഫ് പോലീസ് ടെക്നിക്കൽ ഇന്റലിജൻസിനെയും സൂപ്രണ്ട് ഓഫ് പോലീസ് ടെലികമ്മ്യൂണിക്കേഷൻ ആന്റ് ടെക്നോളജിയെയും ഡെപ്യൂട്ടി ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർമാരായും നിയമിച്ചിട്ടുള്ളതാണ്. ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസറിന്റെ നിയന്ത്രണത്തിൽ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരളയുടെയും (CERT-K) കേരള പോലീസിന്റെ ഡിസ്ട്രിക്ട് കമ്പ്യൂട്ടർ മെയിന്റനൻസ് യൂണിറ്റിന്റെയും (DCMU) പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഇൻസിഡന്റ് റസ്പോൺസ് ടീമായി പ്രവർത്തിക്കുന്ന "സൈബർ സെക്യൂരിറ്റി ഡെസ്ക്" സൈബർ ഓപ്പറേഷൻ ആസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം (CERT-K) കേരളയുമായി സൈബർ ഓപ്പറേഷൻ ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സൈബർ സെക്യൂരിറ്റി ഡെസ്ക് മുഖാന്തിരം ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർ (CISO) നിരന്തര സമ്പർക്കം പുലർത്തി വരുന്നു.

<u>സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ (SOC)</u>

കേരള പൊലീസ് ഡിപ്പാർട്മെന്റിലെ കംപ്യൂട്ടറുകളെയും മറ്റു അനുബന്ധ ഉപകരണങ്ങളെയും സൈബർ സുരക്ഷാ കവചമൊരിക്കി സംരക്ഷിക്കുന്നതിനായി കേരള പൊലീസ് ഒരു സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ (SOC) കേന്ദ്ര സർക്കാർ മേൽനോട്ടത്തിലുള്ള സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ടെലിമാറ്റിക്സ് (CDOT)-ന്റെ സഹായത്തോടു കൂടി സ്ഥാപിക്കാനുള്ള നടപടികൾക്ക് തുടക്കമിട്ടു.

നിർമിത ബുദ്ധിയിൽ അധിഷ്ഠിതമായി സുരക്ഷാ പ്ലാറ്റ്ഫോം നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാന തല പോലീസ് ഡിപ്പാർട്ടമെന്റ് എന്ന നിലയിൽ സൈബർ സുരക്ഷാ പ്രതിരോധത്തിന് തുടക്കമിടുകയാണ് കേരള പോലീസ്. സുരക്ഷാ പിഴവുകളെയും, സൈബർ ഭീഷണികളെ മുൻകൂട്ടി കണ്ടെത്തുകയും ഫലപ്രദമായി നടപടികൾ സ്വീകരിക്കുകയും, പൊലീസ് വകുപ്പിലെ എല്ലാ കമ്പ്യൂട്ടറുകളുടെയും തുടർച്ചയായ (24x7) നിരീക്ഷണം ഉറപ്പാക്കുകയും, പരിഹാരനടപടികൾ സ്വീകരിക്കുകയും അതുവഴി സെൻസിറ്റീവ് ഡാറ്റയും മറ്റും സംരക്ഷിക്കുന്നതിനുമാണ് SOC രൂപകൽപ്പന ചെയ്തിരിക്കുന്നത്.

സെക്യൂരിറ്റി ഓപ്പറേറ്റിംഗ് സെന്റർ (SOC) നടപ്പിലാക്കുന്നതിന്റെ ആദ്യ ഘട്ടത്തിൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറേറ്റ്, SDPO, തിരുവനന്തപുരംസിറ്റി പോലീസ് സ്റ്റേഷനുകൾ

എന്നിവിടങ്ങളിലെ എല്ലാ കമ്പ്യൂട്ടറുകളും (764 എണ്ണം),മേൽ കംപ്യൂട്ടറുകൾ ഉൾപ്പെടുന്ന ഫയർവാളുകളുടെ ലോഗുകളും സെക്യൂരിറ്റി ഓപ്പറേറ്റിംഗ് സെന്ററിൽ ഉൾപ്പെടുത്തി പരീക്ഷണ അടിസ്ഥാനത്തിൽ നിരീക്ഷിച്ചു വരുകയാണ് . ഇതര ജില്ലകളിലെ ജില്ലാ പോലീസ് കാര്യാലയങ്ങളിലെ 2600 ഓളം കംപ്യൂട്ടറുകളെ കൂടി ഉൾപ്പെടുത്തി അടുത്ത ഘട്ടം നടപ്പിലാക്കാൻ ഉള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ ഈ വർഷം തന്നെ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലെയും കംപ്യൂട്ടറുകൾ ഉൾപ്പടെ പോലീസ് ഡിപ്പാർട്മെന്റിലെ ഏകദേശം പതിനായിരത്തോളം കംപ്യൂട്ടറുകളെയും, അവയുടെ ഫയർവാളുകളെയും സെക്യൂരിറ്റി ഓപ്പറേറ്റിംഗ് സെന്ററിൽ ഉൾപ്പെടുത്തി സുരക്ഷിതമാക്കുന്നതിനുള്ള ഈ പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

നിലവിൽ കേരള പോലീസിന്റേത് ഉൾപ്പെടെ എല്ലാ സർക്കാർ വകുപ്പുകളിലെയും വെബ്സൈറ്റുകൾ സെക്യൂരിറ്റി ഓഡിറ്റ് നടത്തിയശേഷം സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് ഹോസ്റ്റ് ചെയ്യുന്നത്. ഈ വെബ്സൈറ്റുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ 24x7 പ്രവർത്തിക്കുന്ന സെക്യൂരിറ്റി ഓപ്പറേഷൻ സെന്ററിൽ (SOC) സസൂക്ഷ്മം നിരീക്ഷണത്തിലാണ്. അതായത് വകുപ്പുകളുടെ വെബ് സൈറ്റുകളിൽ ഉണ്ടാകുന്ന സൈബർ ആക്രമണങ്ങളെ തത്സമയം നിരീക്ഷിച്ച് സംശയാസ്പദമായ പ്രവർത്തികൾ അതാത് ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർമാരെ (CISO) CERT-K –യെ അറിയിക്കുകയും തുടർന്ന് അതാത് CISO-മാർ അവ പ്രതിരോധിക്കുവാനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. നിലവിലെ സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾ നവീകരിക്കുന്ന മുറക്കും വർഷാ വർഷവും പീരിയോഡിക് സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നുണ്ട്. ഇത് കൂടാതെ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം ഇന്ത്യ(CERT-IN), നാഷണൽ സൈബർ കോ-ഓഡിനേഷൻ സെന്റർ (NCCC), നാഷണൽ ക്രിട്ടിക്കൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ പ്രൊട്ടക്ഷൻ സെന്റർ(NCIIPC) എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന വൾനറബിലിറ്റി അസസ്മെന്റ് റിപ്പോർട്ട് പരിശോധിച്ച് കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരളയുമായി(CERT-K) കൂടിയാലോചിച്ച് സൈബർ സെക്യൂരിറ്റി സംബന്ധമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. കേരള പോലീസിന്റെ നെറ്റ് വർക്കും കമ്പ്യൂട്ടറുകളും സമ്പൂർണ്ണ സംരക്ഷണ വലയത്തിൽ കൊണ്ടുവരുന്ന തിലേക്കായി വകുപ്പ് തലത്തിൽ ഒരു ഉപ സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ (Sub SOC) രൂപകൽപ്പന ചെയ്യുന്ന നടപടികൾ സെൻട്രൽ ഫോർ ഡെവലപ്മെന്റ് ഓഫ് ടെലിമാറ്റിക്സുമായി (C.DOT) സഹകരിച്ച് ദ്രുതഗതി യിൽ നടന്നു വരുന്നു. പോലീസ് സേനയെ സൈബർ അറ്റാക്കുകൾ നേരിടാൻ സുസജ്ജമാക്കുന്നതിന്റെ ഭാഗമായി ഒരു വിദഗ്ധ

സേനയെ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും രൂപീകരിക്കുവാൻ വേണ്ടി BSNL, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (CUSAT), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി (IIT), നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റി (NFSU) എന്നീ ഏജൻസികളുമായി ചേർന്ന് സമഗ്രമായ പരിശീലന പരിപാടികൾ നടന്നു വരുന്നു.

ആധുനിക സൈബർ ലോകത്തിലെ വെല്ലുവിളികളായ ക്രിപ്റ്റോ കറൻസി, ഡാർക്ക് വെബ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മാൽവെയർ അറ്റാക്ക്, സൈബർ ഫിനാൻഷ്യൽ ഫ്രോഡ് തുടങ്ങിയ മേഖലകളിൽ അത്യാധുനിക രീതിയിൽ ഗവേഷണവും പഠനവും നടത്തുവാനായി തിരുവന ന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മൂന്ന് സൈബർ ഡോമുകൾ റിസർച്ച് & അനാലിസിസ് വിഭാഗത്തിൽ പ്രവർത്തി ക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടി പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ നൂതന സംരംഭമാണ് സൈബർ ഡോം. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുൻകൂട്ടി മനസിലാക്കി അവ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കൂടാതെ വിവിധ സർക്കാർ വകുപ്പുകൾ, സൈബർ സുരക്ഷക്കുവേണ്ടി പ്രവർ ത്തിക്കുന്ന ഇന്റർ നാഷണൽ ഓർഗനൈസേഷൻസ്, വിവിധ രാജ്യങ്ങളിലെ സൈബർ സെക്യൂരിറ്റി ഏജൻസികൾ, രാജ്യത്തെ വിവിധ ലോ എൻഫോഴ്സ്മെന്റ് ഏജൻസികൾ, എത്തിക്കൽ ഹാക്കർമാർ, രാജ്യത്തെ പ്രമുഖ ഐടി കമ്പനികൾ എന്നിവരെ ഒരു പ്ലാറ്റ് ഫോമിൽ കൊണ്ടുവന്ന് സൈബർ സുരക്ഷാ ഭീഷണികളെ തടയുന്നതിൽ സംസ്ഥാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഡിജിറ്റൽ അസറ്റുകളുടെ സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായിട്ടുള്ള വിവര സാങ്കേതിക വിദ്യാ ഗവേഷണ കേന്ദ്രമായി പ്രവർത്തിക്കുന്ന ഏജൻസി ആണ് സൈബർ ഡോം.

<u>സൈബർ ഫ്രോഡ് ആൻഡ് സോഷ്യൽ മീഡിയ ഗ്രൂപ്പ്</u>

സൈബർ കുറ്റകൃത്യങ്ങളെ തടയുന്നതിനായി സൈബർ ഡിവിഷനു കീഴിൽ പ്രവർത്തിച്ചുവരുന്ന സൈബർ ഫ്രോഡ് ആൻഡ് സോഷ്യൽ മീഡിയ വിംഗ് സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. സൈബർ റിപ്പോർട്ടിംഗ് പോർട്ടലിൽ രജിസ്റ്റർ ആയ പരാതികളിൽ ഉൾപ്പെട്ടതും റിവേഴ്സ് എൻജിനീയറിങ്ങിലൂടെയും മറ്റു ഓപ്പൺസോഴ്സ് സങ്കേതത്തിലൂടെയും കണ്ടെത്തിയതായ 28541 വെബ്സൈറ്റുകളും 21696 സാമൂഹ്യ മാധ്യമ പ്രൊഫൈലുകളും സൈബർ സ്പേസ് ൽ നിന്നും സൈബർ ഫ്രോഡ് ആൻഡ് സോഷ്യൽ മീഡിയ വിങ്ങും കോഴിക്കോട് സൈബർ ഡോമിനും സംയുക്തമായി കണ്ടെത്തി നീക്കം ചെയ്തിട്ടുള്ളതാണ്, 2024

ലോകസഭ തെരഞ്ഞെടുപ്പ് കാലത്ത് പെരുമാറ്റ ചട്ടം നിലവിൽ വന്നത് മുതൽ സൈബർ ഫോർഡ് ആൻഡ് സോഷ്യൽ മീഡിയ വിഭാഗത്തിന്റെ നേതൃത്വത്തിൽ ജില്ലാതലത്തിലും റെയിഞ്ച്തലത്തിലും സോഷ്യൽ മീഡിയ മോണിറ്ററിംഗ് സെല്ലുകളുമായി ചേർന്ന് ഇലക്ഷനുമായി ബന്ധപ്പെട്ട് മതപരവും വർഗീയവും വിദ്വേഷപരമായതും മാനഹാനി ഉണ്ടാക്കുന്നതുമായ ഒട്ടനവധി സോഷ്യൽ മീഡിയ പോസ്റ്റുകൾ നിരീക്ഷിച്ചിട്ടുള്ളതും അവയിൽ **1550** സാമൂഹ്യ മാധ്യമ പ്രൊഫൈലുകളും/പോസ്റ്റുകളും നീക്കം ചെയ്യാൻ നടപടികൾ കൈക്കൊണ്ടിട്ടുള്ളതും അതിനോടനുബന്ധിച്ച് **110** FIR സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളായി രജിസ്റ്റർചെയ്തിട്ടുള്ളതുമാണ്.

<u>ആന്റി-പൈറസി ഡ്രൈവ്</u> :

കേരള പൊലീസ് network-ൽ അനധികൃതമായും ലൈസെൻസ് രഹിതമായും ഉപയോഗിക്കുന്ന സോഫ്റ്റ്വെയറുകളും ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളും ഒഴിവാക്കുന്നതിനായി ആന്റി-പൈറസി ഡ്രൈവ് നടപ്പിലാക്കി. ലൈസെൻസ് രഹിത സോഫ്റ്റ്വെയറുകളിൽ ഉള്ള സുരക്ഷാ പിഴവുകൾ സൈബർ കുറ്റവാളികൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുന്നതിനാൽ ഇത് സൈബർ ആക്രമണങ്ങൾക്കും ഡാറ്റ നഷ്ടപെടുന്നതിനും കാരണമാകും. ഈ സാഹചര്യത്തിൽ, ലൈസെൻസ് രഹിതമായ സോഫ്റ്റ്വെയറുകൾ മാറ്റുന്നതിനുള്ള പ്രക്രിയ നടപ്പാക്കുന്നു.

ഈ ഡ്രൈവ് സംസ്ഥാന പൊലീസ് മേധാവി ഓഫിസിലും എല്ലാ ജില്ലാ ഹെഡ്ക്വാർട്ടറുകളിലും വിജയകരമായി പൂർത്തിയാക്കിയിരിക്കുന്നു. സുരക്ഷ മെച്ചപ്പെടുത്തുന്നതിനായി, ആകെ കമ്പ്യൂട്ടർ സിസ്റ്റങ്ങളുടെ 70% ഓപ്പൺ സോഴ്സ് ഓപ്പറേറ്റിംഗ് സിസ്റ്റം ആയ ലിനക്സ് ഉപയോഗിച്ച് പുനഃസ്ഥാപിക്കുകയും 30% ലൈസൻസുള്ള വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയിഗിച്ച് അപ്ഗ്രേഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

<u>SDWAN ഉപയോഗിച്ച് സൈബർ സുരക്ഷാ അടിസ്ഥാനങ്ങൾ ശക്തമാക്കൽ:</u>

പ്രസ്തുത പോലീസ് നെറ്റ്വർക്കിൽ SDWAN (Software-Defined Wide Area Network) ഉപയോഗിച്ച് സുരക്ഷ മെച്ചപ്പെടുത്തുന്നതിന് പോലീസ് വകുപ്പിലെ സേവനങ്ങളെ രണ്ടായി തരം തിരിച്ച് അതിൽ അതീവ സുരക്ഷ ആവശ്യം ഉള്ള CCTNS/iCOPS, GIS പോലുള്ള പ്രധാന സോഫ്റ്റ്വെയറിലേക്കുള്ള ആക്സസ് VPN വഴി സുരക്ഷ ഉറപ്പാക്കി കർശനമായി നിയന്ത്രിക്കുകയും ഡാറ്റ നഷ്ടപെടൽ പ്രതിരോധിക്കുകയും ചെയ്ത് വരുന്നു.

മറ്റ് ഓപ്പൺ-നെറ്റ്‌വർക്കിൽ ഉള്ള ആപ്ലിക്കേഷനുകളായ iAPS/Crime Drive/E-Vip പോലുള്ള സെൻസിറ്റീവ് ഡാറ്റ ആപ്ലിക്കേഷനുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി മൾട്ടി-ഫാക്ടർ ഓതന്റിക്കേഷൻ (MFA) നടപ്പിലാക്കി. കൂടാതെ, കൂടുതൽ സംരക്ഷണം ലഭ്യമാക്കാൻ SDWAN വഴി ആക്സസ് അനുവദിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

**<u>സൈബർ വാൾ പ്രൊജക്ട്:</u>**

പൊതു ജനങ്ങൾ നൽകുന്ന ഫോൺ നമ്പറുകൾ, ഇമെയിൽ ഐഡികൾ, ബാങ്ക് അക്കൗണ്ടുകൾ, സോഷ്യൽ മീഡിയ പ്രൊഫൈലുകൾ, എക്സിക്യൂട്ടബിൾ ഫയലുകൾ, വെബ്സൈറ്റ് യുആർഎൽകൾ (URL), സ്ക്രീൻഷോട്ടുകൾ, ഓഡിയോ/വീഡിയോ ഫയലുകൾ, എസ്എംഎസ്/ഇമെയിൽ ഉള്ളടക്കങ്ങൾ എന്നിവ പരിശോധന മെക്കാനിസം ഉപയോഗിച്ച് പരിശോധിച്ച് വിശ്വാസ സ്കോറുകൾ സൃഷ്ടിക്കാനും, തത്സമയം വിശകലനം ചെയ്ത് വിശ്വസനീയമായ ഒരു സ്കോർ (Trust Score) സൃഷ്ടിക്കാനും അതുവഴി വർദ്ധിച്ചു വരുന്ന നൂതന സൈബർ തട്ടിപ്പുകളിൽ നിന്നും പൊതു ജനങ്ങളെ സംരക്ഷിക്കാനും കേരള പോലീസ് ലക്ഷ്യമിടുന്നു. ഈ സൈബർ വാൾ പ്രൊജക്ട് AI & ML സാങ്കേതികവിദ്യകൾ ഉപയോഗിച്ച്, സമാനതകളുള്ള തട്ടിപ്പുകളെ തിരിച്ചറിയാനും, അവയ്ക്കെതിരെ വേണ്ട നടപടികൾ സ്വീകരിക്കാനുമുള്ള കഴിവ് ഉണ്ടായിരിക്കും. കൂടാതെ ബിഗ് ഡാറ്റ അനാലിസിസ് ഉപയോഗിച്ച്, വമ്പിച്ച ഡാറ്റയുടെയും വിവരങ്ങളുടെയും വിശകലനം നടത്താൻ കഴിയും. ഇതുവഴി, തട്ടിപ്പുകളെ കൂടുതൽ ഫലപ്രദമായി തിരിച്ചറിയാനും, പ്രതിരോധിക്കാനുമുള്ള ശേഷി ഉണ്ടായിരിക്കും.

**Integrated Core Policing System (iCoPS)**

സേനാ നവീകരണത്തിൻറ ഭാഗമായി പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുന്ന ദേശീയതലത്തിലുള്ള ബൃഹത് പദ്ധതിയായ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് & സിസ്റ്റംസ് (CCTNS) എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ 'Core Application Software (CAS)' ദേശീയതലത്തിൽ രൂപകൽപ്പന ചെയ്തത് Wipro കമ്പനിയാണ്. ആയത് കേന്ദ്ര ആഭ്യന്തര വകുപ്പിൽ നിന്നും സംസ്ഥാന പോലീസിന് ലഭിച്ചിരുന്നു.

പ്രസ്തുത കോർ ആപ്ളിക്കേഷൻ സോഫ്റ്റ് വെയർ (CAS) 2009-ൽ എൻ.സി.ആർ.ബി വിഭാവനം ചെയ്ത് രൂപകല്പന ചെയ്തതാണ്. അപ്ലിക്കേഷനിലെ പൊരുത്തക്കേടുകളും ഉപയോഗിക്കുന്നതിലെ ബുദ്ധിമുട്ടുകളും കാരണം

സ്റ്റേഷനുകളിലെ ഉയർന്ന ഓഫീസുകളിലെ പോലീസ് ഉദ്യോഗസ്ഥർക്ക് CAS അപ്ലിക്കേഷൻ പൂർണ്ണമായ രീതിയിൽ ഉപയോഗിക്കുവാൻ സാധിച്ചിരുന്നില്ല. കൂടാതെ ഇതിൽ ഉപയോഗിച്ചിരിക്കുന്ന സോഫ്റ്റ് വെയറുകൾ പലതും കാലഹരണപ്പെട്ടതും കാലഘട്ടത്തിന്റെ ആവശ്യങ്ങൾ അനുസരിച്ച് ആധുനിക സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളിക്കാനാകാത്തതുമായ നിലയിലായിരുന്നു. ആകയാൽ, പ്രസ്തുത സോഫ്റ്റ് വെയർ നവീകരണത്തിനായി എൻ.സി.ആർ.ബി-യെ സമീപിക്കുകയും എന്നാൽ സോഫ്റ്റ് വെയറിൽ യാതൊരു വിധ നവീകരണവും നിലവിൽ നടത്താൻ പദ്ധതിയില്ല എന്നുള്ള മറുപടി ലഭിക്കുകയും ചെയ്തു. തുടർന്ന് CCTNS State Empowered Committee നിലവിലുള്ള കോർ ആപ്ളിക്കേഷൻ സോഫ്റ്റ് വെയർ (CAS) മികച്ച സവിശേഷതകളോടെയും എളുപ്പത്തിലുള്ള ഉപയോഗം ഉറപ്പ് വരുത്തുന്ന രീതിയിലും ഏറ്റവും ആധുനികവുമായ രീതിയിൽ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

പോലീസ് വകുപ്പിലെ വിദഗ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ച് സോഫ്റ്റ്വെയറിലും അനുബന്ധ ഉപകരണങ്ങളിലും എറ്റവും ആധുനികമായ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയ ഒരു സോഫ്റ്റ്വെയർ Integrated Core Policing System (iCoPS) എന്ന പേരിൽ രൂപകല്പന ചെയ്തു. Container based infrastructure, Micro Service based Application Development തുടങ്ങിയവ അടിസ്ഥാനപ്പെടുത്തിയാണ് iCoPS വികസിപ്പിച്ചത്. ഇത്തരത്തിൽ ഒരു സോഫ്റ്റ് വെയർ വികസിപ്പിച്ച രാജ്യത്തെ ആദ്യത്തെ പോലീസ് സേനയാണ് കേരള പോലീസ്.

നിലവിൽ കുറ്റവാളികളെയും കുറ്റങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ വ്യത്യസ്തങ്ങളായ നിരവധി സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നുണ്ട്. ആയതിനാൽ ഒരേ കുറ്റവാളികളെയും കുറ്റങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ പല സോഫ്റ്റ്വെയറുകളിലായി നിരവധി തവണ രേഖപ്പെടുത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കി പ്രസ്തുത സോഫ്റ്റ് വെയറുകളെ എല്ലാം ഒരു പൊതുവായ സോഫ്റ്റ്വെയറിൻ കീഴിൽ കൊണ്ടുവന്ന് 'One data one entry' എന്ന തത്വം iCoPS ലക്ഷ്യം വയ്ക്കുന്നു.

iCoPS ആപ്ലിക്കേഷൻ വിവിധ ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. ആയതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ജിഡി റെക്കോർഡിങ്ങ്, എഫ്.ഐ.ആർ രജിസ്ട്രേഷൻ എന്നീ മൊഡ്യൂളുകൾക്കൊപ്പം സെർച്ച്, എഫ്.ഐ.ആർ സൂചിക, മറ്റ് രജിസ്റ്ററുകൾ, ഡിജിറ്റൽ ഗ്യാലറി എന്നിവ പുതിയ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തി പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതാണ്.

CCTNS, THUNA, POL APP, MiCOPS എന്നിവയിലൂടെ പൊതുജനങ്ങൾക്ക് സഹായകരമാകുന്ന പ്രവർത്തനങ്ങൾ ഇതോടൊപ്പമുള്ള **അനുബന്ധത്തിൽ** വിശദീകരിക്കുന്നു.

**സൈബർഡോം**

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഡാർക്ക് വെബ് വഴിയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി തിരുവനന്തപുരത്ത് സ്ഥാപിതമായ കേരളാ പോലീസിന്റെ ആദ്യ സംരംഭമാണ് സൈബർഡോം. ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ എറണാകുളത്തും കോഴിക്കോടും ഓരോ സൈബർഡോം വീതം സ്ഥാപിച്ചിട്ടുണ്ട്. സൈബർ ലോകത്ത് പൊതുജനങ്ങൾക്ക് ആവശ്യമായ സുരക്ഷ ഒരുക്കുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തി കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നു. ഈ സ്ഥാപനങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**ഡാർക്ക് വെബിലെ കുറ്റകൃത്യങ്ങൾ കണ്ടെത്തി തടയുന്നതിന് Grapnel**

പരമ്പരാഗത സെർച്ച് എഞ്ചിനുകൾ സൂചികയിലാക്കാത്ത ഇന്റർനെറ്റിന്റെ ഭാഗമാണ് ഡാർക്ക് വെബ്. ഇതിലേക്ക് കടക്കുന്നതിന് പ്രത്യേക സോഫ്റ്റ്‌വെയറോ കോൺഫിഗറേഷനോ അംഗീകാരമോ ആവശ്യമാണ്. മയക്കുമരുന്ന്, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ, ലൈംഗിക വ്യാപാരം, മോഷ്ടിച്ച ഡാറ്റ, വ്യാജ ഐഡന്റിറ്റികൾ, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധമായ ചരക്കുകളും സേവനങ്ങളും വാങ്ങാനും വിൽക്കാനും കഴിയുന്ന വിവിധ അധോലോക വിപണികളുടെ കേന്ദ്രമാണ് ഡാർക്ക് വെബ്. ഡാർക്ക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി ഹാക്ക് പി-സമ്മിറ്റ് എന്ന ഹാക്കത്തോണിലൂടെ കേരള പോലീസ് സൈബർഡോം Granpel എന്ന സോഫ്റ്റ്‌വെയർ സൗജന്യമായി വികസിപ്പിച്ചെടുത്തു. ഡാർക്ക് വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കണ്ടെത്തുവാനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്തുവാനും സാധിക്കും.

**ഡ്രോൺ ഫോറൻസിക് ലാബ്**

ഡ്രോൺ ഫോറൻസിക് ലാബ് ഡെവലപ്പ് ചെയ്ത ആന്റിഡ്രോൺ സിസ്റ്റം VVIP സുരക്ഷാ നിരീക്ഷണത്തിനും G20, തൃശ്ശൂർ പൂരം പോലുള്ള വിവിധ

ഡ്യൂട്ടികൾക്കായി ഉപയോഗിച്ചു. ആന്റിഡ്രോൺ സിസ്റ്റത്തിന്റെ സഹായം കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിലേക്കായി സാർട്ട് അപ്പ് കമ്പനിയുടെ സഹായത്തോടെ പുതിയ ഒരു സിസ്റ്റത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ലോക്കൽ പോലീസ് സ്റ്റേഷനുകൾക്ക് ഡ്രോൺ സംബന്ധമായ ക്രൈം കേസുകളിൽ മാർഗനിർദേശവും സഹായവും നൽകിവരുന്നു. നിലവിലെ ആന്റി-ഡ്രോൺ സിസ്റ്റം AI-സഹായത്തോടെയുള്ള ഒപ്റ്റിക്കൽ ഡിറ്റക്ഷൻ സിസ്റ്റമായി നവീകരിച്ചു. ആന്റിഡ്രോൺ സിസ്റ്റത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി IIST യുമായി ചേർന്ന് സംയുക്ത ഗവേഷണ പദ്ധതിയായ ജിപിഎസ് സ്പൂഫിങ് ടെക്നോളജി ഡെവലപ്പ് ചെയ്തുവരികയും ഡ്രോൺ ജാമർ ഗൺ വാങ്ങുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. നിലവിൽ 75 പോലീസുകാർക്ക് DGCA ഡ്രോൺ പൈലറ്റ് പരിശീലനം നൽകിയിട്ടുണ്ട്.

## സി .സി.എസ്സ്.ഇ സെന്റർ(CCSE CENTRE)

സൈബർ ഡിവിഷന്റെ കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ സെന്റർ 2023-2024 വർഷത്തിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് ഏഴ് ‘P -ഹണ്ടുകൾ’ നടത്തുകയും അതിൽ **2632** സെർച്ച്കൾ നടത്തുകയും **1019** ഡിവൈസുകൾ പിടികൂടുകയും **414** കേസുകൾ രജിസ്റ്റർ ചെയ്യുകയും **37** കുറ്റവാളികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഈ മേഖലയിലെ പ്രവർത്തന മികവിനെ മുൻനിർത്തി ദേശീയ തലത്തിൽ ഓൺലൈൻ ചൈൽഡ് സെക്ഷ്വൽ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുവാനുള്ള മാർഗ്ഗ നിർദ്ദേശം നിർമ്മിക്കുന്ന വിദഗ്ദ സമിതിയിൽ കേരളാപോലീസ് CCSE ടീമിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ ചൈൽഡ് സെക്ഷ്വൽ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രവർത്തന മികവ് മുൻനിർത്തി ദേശീയ തലത്തിൽ I4C നൽകുന്ന 'സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങളിൽ സജീവമായ ഇടപെടൽ' എന്ന വിഭാഗത്തിലെ പ്രഥമ പുരസ്കാരം ഓപ്പറേഷൻ പി ഹണ്ടിലൂടെ കേരളാ പോലീസിന് ലഭിച്ചു.

## Drone Forensic & Research Centre

ഡ്രോൺ സാങ്കേതിക വിദ്യയും അതിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തെക്കുറിച്ച് പഠിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഡ്രോൺ ഫോറൻസിക് & റിസർച്ച് സെന്റർ ആരംഭിച്ചിട്ടുണ്ട്. Unmanned Aerial Vehicles (UAVs) അല്ലെങ്കിൽ ഡ്രോണുകളുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളും സാങ്കേതികമായും ശാസ്ത്രീയമായും പരിശോധിക്കുന്ന ഇടമാക്കി മാറ്റുവാനും

അന്വേഷണ ഏജൻസികൾക്ക് രാജ്യത്തിന്റെ സുരക്ഷയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് ഉണ്ടാകുന്ന ഭീഷണി ചെറുക്കുവാനും കുറ്റകൃത്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ ആവശ്യമായ ശാസ്ത്രീയമായ തെളിവ് നൽകുവാനും ഈ സ്ഥാപനത്തിന് കഴിയും.

അനുബന്ധം II

<u>ഐ.എസ്.ഒ സർട്ടിഫിക്കേഷൻ</u>

- സൈബർ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിലുള്ള മികവ് പരിഗണിച്ച് സൈബർ ഡോമിന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചു.
- ഇടുക്കി ജില്ലയിലെ മുട്ടം പോലീസ് സ്റ്റേഷന് ഐ.എസ്.ഒ 9001:2015 പുരസ്കാരം ലഭിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലുമുള്ള മികവ്, കൃത്യമായ ക്രമസമാധാനപാലനം, സ്റ്റേഷൻ പരിധിയിലെ സമാധാന സംരക്ഷണം എന്നിവ പരിഗണിച്ചാണ് അവാർഡ് ലഭിച്ചത്.
- കോവിഡ് കാലത്ത് ആരോഗ്യവകുപ്പുമായി ചേർന്നുള്ള മികച്ച പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം പോലീസ് സ്റ്റേഷന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചു.

- തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ കൊരട്ടി പോലീസ് സ്റ്റേഷന് ഐ.എസ്.ഒ 9001:2015 പുരസ്കാരം ലഭിച്ചിട്ടുള്ളതാണ്. കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലുമുള്ള മികവ്, കൃത്യമായ ക്രമസമാധാനപാലനം, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള പൊതുജനസേവനം, സ്റ്റേഷൻ പരിധിയിലെ ജൈവവൈവിധ്യ സംരക്ഷണം, കൃഷി, വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങൾക്ക് നൽകിയ പ്രാധാന്യം എന്നിവ പരിഗണിച്ചാണ് അവാർഡ് ലഭിച്ചത്.
- ഐ.എസ്.ഒ 9001:2015 സർട്ടിഫിക്കേഷൻ ലഭിക്കുന്ന തൃശ്ശൂർ ജില്ലയിലെ ആദ്യ പോലീസ് സ്റ്റേഷനാണ് മണ്ണുത്തി. കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലുമുള്ള മികവ്, കൃത്യമായ ക്രമസമാധാനപാലനം, മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും കണ്ടെത്തി തടയുന്നതിലുള്ള മികവ്, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള പൊതുജനസേവനം എന്നിവ അവാർഡിന് പരിഗണിച്ചത്.
- തൃശ്ശൂർ സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കാര്യാലയത്തിന് ഐ.എസ്.ഒ അംഗീകാരം ലഭിച്ചു.
- അർത്തുങ്കൽ പോലീസ് സ്റ്റേഷന് ഐ.എസ്.ഒ അംഗീകാരം ലഭിച്ചിട്ടുണ്ട്.
- ആലപ്പുഴ ചേർത്തലയിലെ അർത്തുങ്കൽ പോലീസ് സ്റ്റേഷന് പ്രവർത്തന മികവിന് കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ (ബി.ഐ.എസ്) ഐ.എസ്.ഒ അംഗീകാരം ലഭിച്ചു. ദേശീയ തലത്തിൽ ആദ്യമായിട്ടാണ് ഒരു പോലീസ് സ്റ്റേഷന് ബി.ഐ.എസ് അംഗീകാരം ലഭിക്കുന്നത്. കൂടാതെ ഇതാദ്യമായാണ് ഒരു ദേശീയ ഏജൻസി സേവനങ്ങളുടെ ഗുണനിലവാരം വിലയിരുത്തി ഒരു പോലീസ് സ്റ്റേഷന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് നൽകുന്നത്.
- എറണാകുളം റൂറൽ ജില്ലയിലെ പെരുമ്പാവൂർ സബ്ബ് ഡിവിഷൻ പോലീസ് ഓഫീസിന് ഐ.എസ്.ഒ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ഓഫീസിന്റെ ചുറ്റുപാട്, ശുചിത്വം, റൂം ലഭ്യത, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, തുടങ്ങി വിവിധ മാനദണ്ഡങ്ങൾ വിലയിരുത്തിയാണ് ഐ.എസ്.ഒ അംഗീകാരം ലഭിച്ചത്. ജില്ലയിൽ ആദ്യമായി ഐ.എസ്.ഓ സർട്ടിഫിക്കേഷന് അർഹമായ സബ്ബ് ഡിവിഷൻ ആണ് പെരുമ്പാവൂർ.
- എറണാകുളം റൂറൽ ജില്ലയിലെ കോട്ടപ്പടി പോലീസ് സ്റ്റേഷന് ഐ.എസ്.ഒ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. മെച്ചപ്പെട്ട ഗുണനിലവാര സേവനങ്ങൾ, ക്രമസമാധാനപാലനം, കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും

തടയുന്നതിനും ആധുനിക സംവിധാനങ്ങളുടെ ഉപയോഗം, സ്റ്റേഷനിൽ വരുന്ന പൊതുജനങ്ങളോടുള്ള പെരുമാറ്റം, സ്റ്റേഷനിലെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, ഗ്രീൻ പ്രോട്ടോകോൾ പാലിക്കൽ തുടങ്ങി വിവിധ മാനദണ്ഡങ്ങൾ വിലയിരുത്തിയാണ് ഐ.എസ്.ഒ അംഗീകാരം ലഭിച്ചത്.

- കണ്ണൂർ റീജിയണൽ ഫോറൻസിക് സയൻസ് ലാബിന് ഐ.എസ്.ഒ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.
- ആലപ്പുഴ ജില്ലയിലെ മുഹമ്മ, പട്ടണക്കാട് പൊലീസ് സ്റ്റേഷനുകൾക്ക് ഐ.എസ്.ഒ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.

<u>മികച്ച പോലീസ് സ്റ്റേഷനുകൾ</u>

- സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 2021-ലെ പുരസ്കാരം പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ കരസ്ഥമാക്കി.
- 2022-ലെ സംസ്ഥാനത്തെ മികച്ച പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ഷോളയൂർ പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തിരഞ്ഞെടുത്തു.
- 2023-ലെ കേരളത്തിലെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനായി മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തരമന്ത്രാലയം തിരഞ്ഞെടുത്തു.
- 2023 വർഷത്തെ സംസ്ഥാനത്തെ ഏറ്റവും മികച്ച പൊലീസ് സ്റ്റേഷനുള്ള മുഖ്യമന്ത്രിയുടെ പുരസ്കാരം തലശ്ശേരി പൊലീസ് സ്റ്റേഷന് ലഭ്യമായിട്ടുള്ളതാണ്.
- 2024ലെ രാജ്യത്തെ ഏറ്റവും മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തെരഞ്ഞെടുത്തു. വിലയിരുത്തലിന്റെ അവസാനഘട്ടത്തിൽ എത്തിയ 76 പോലീസ് സ്റ്റേഷനുകളിൽ നിന്നാണ് ആലത്തൂർ സ്റ്റേഷൻ ഈ നേട്ടം കൈവരിച്ചത്.
- ആലത്തൂർ പൊലീസ് സ്റ്റേഷൻ: സംസ്ഥാനത്തെ ഏറ്റവും മികച്ചതും രാജ്യത്തെ മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷനായും അംഗീകാരം ലഭിച്ചിട്ടുണ്ട്.

<u>ദേശീയ ഇ-ഗവേണൻസ് അവാർഡ്</u>

- പോലീസിന്റെ സോഷ്യൽ മീഡിയ സെല്ലിനും സൈബർ ഡോമിനും 2020-21 വർഷത്തെ ദേശീയ ഇ-ഗവേണൻസ് അവാർഡ് ലഭിച്ചു.
- ഇ-ഗവേണൻസ് രംഗത്തെ നൂതന ആശയങ്ങൾക്കും സംരംഭങ്ങൾക്കുമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ദേശീയ ഇ-ഗവേണൻസ് പുരസ്കാരം കേരളാ പോലീസിന്റെ സോഷ്യൽ മീഡിയാ വിഭാഗത്തിന് ലഭിച്ചു. വാർത്താവിനിമയം, വിവര സാങ്കേതികവിദ്യ എന്നിവയുപയോഗിച്ച് കേരളാ പോലീസ് സോഷ്യൽ മീഡിയാ വിഭാഗം നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് അവാർഡ് ലഭിച്ചത്. സർക്കാർ സംവിധാനങ്ങളുടെ പരമ്പരാഗത പൊതുജനസമ്പർക്ക രീതികളിൽ നിന്ന് വ്യത്യസ്തമായി നവമാധ്യമങ്ങളിലൂടെയുള്ള ജനകീയ ഇടപെടലിന് സോഷ്യൽ മീഡിയ വിഭാഗം നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങൾ അവാർഡ് നിർണയ ത്തിന് പരിഗണിച്ചു. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവ നൂതനവും ജനോപകാരപ്രദവുമായ സേവനങ്ങൾ വികസിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് കേന്ദ്രസർക്കാർ ഇ-ഗവേണൻസ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്.
- ട്രോളുകളിലൂടെയും വീഡിയോകളിലൂടെയും രസകരമായ മറുപടികളിലൂടെയും മലയാളി മനസുകളെ കീഴടക്കിയ കേരള പോലീസിന്റെ ഔദ്യോഗിക ഫേസ്ബുക് പേജ് രണ്ട് മില്ല്യൺ ഫോളോവേഴ്സുമായി ലോകത്തെ സ്റ്റേറ്റ് പോലീസ് ഫേസ്ബുക് പേജുകളിൽ മുൻനിരയിലാണ്.

<u>മറ്റ് അവാർഡുകൾ</u>

- മാലിന്യരഹിത മേഖലയ്ക്കുള്ള ഹരിതകേരള മിഷന്റെ അവാർഡ് സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിന് ലഭിച്ചു.
- കേരള പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്ററിന് 2022-ലെ ടെക്നോളജി സഭ അവാർഡ് ലഭിച്ചു.
- 2022-ലെ രാജപ്രമുഖൻ ചമ്പക്കുളം മൂലം വള്ളം കളിയിൽ കേരള പോലീസ് ടീം ജേതാക്കളായി.
- പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് കേന്ദ്ര വിദേശകാര്യമന്ത്രാലയം നൽകുന്ന അംഗീകാരത്തിന് കേരള പോലീസ് അർഹമായി. 2021-22 കാലയളവിൽ പാസ്പോർട്ട് നൽകുന്നതിനുള്ള പരിശോധനയിൽ കേരള പോലീസിന് വിദേശകാര്യമന്ത്രാലത്തിന്റെ അവാർഡ് ലഭിച്ചു. പോലീസിലെ സാങ്കേതികവിദഗ്ധർ നിർമ്മിച്ച ഇ-വി.ഐ.പി എന്ന സംവിധാനമാണ് പാസ്പോർട്ട് അപേക്ഷകളുടെ

പരിശോധനയിലെ കാലതാമസം ഒഴിവാക്കുന്നതിന് കേരളാ പോലീസിന് സഹായകമായത്.

- ഫിക്കി നൽകുന്ന 2021-ലെ സ്മാർട്ട് പോലീസിംഗ് അവാർഡ് കേരള പോലീസിന്റെ അഞ്ച് വിഭാഗങ്ങൾക്ക് ലഭിച്ചു. സ്പെഷ്യൽ ജൂറി അവാർഡും കേരള പോലീസിനാണ്. കമ്മ്യൂണിറ്റി പോലീസിങ് വിഭാഗത്തിൽ കേരള പോലീസ് അസിസ്റ്റന്റ് ചാറ്റ് ബോട്ട് സർവ്വീസ്, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്ന വിഭാഗത്തിൽ ചിരി ഹെൽപ്പ് ലൈൻ, ദുരന്ത മേഖലകളിലെ അടിയന്തര ഇടപെടൽ വിഭാഗത്തിൽ ഇതിനായി പ്രത്യേകം രൂപീകരിച്ച ഡിസാസ്റ്റർ ആന്റ് എമർജൻസി റെസ്പോൺസ് സംവിധാനവും പരിശീലന വിഭാഗത്തിൽ മൈൻഡ്ഫുൾ ലൈഫ് മാനേജ്മെൻറും മറ്റ് പോലീസ് സംരംഭങ്ങൾ പരിഗണിച്ചതിൽ സെന്റർ ഫോർ എംപ്ലോയി എൻഹാൻസ്മെന്റ് ആന്റ് ഡെവലപ്മെന്റും അവാർഡിന് അർഹമായി. കേരള പോലീസിന്റെ വിവിധ മേഖലകളിലെ ആശയനിർവ്വഹണ നേട്ടങ്ങൾ കണക്കിലെടുത്ത് സ്മാർട്ട് ഇന്നൊവേറ്റീവ് പോലീസിംഗ് എന്ന വിഭാഗത്തിൽ സ്പെഷ്യൽ ജൂറി അവാർഡും കേരളാ പോലീസിന് ലഭിച്ചു.
- 2023-ൽ നടന്ന ദേശീയ പോലീസ് ഡ്യൂട്ടി മീറ്റിൽ പോലീസ് ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി വിഭാഗത്തിൽ സ്വർണ്ണമെഡലും വിരലടയാള പരിശോധനയിൽ സ്വർണ്ണമെഡലും ഫോറൻസിക് സയൻസ് എഴുത്തുപരീക്ഷയിൽ വെള്ളിമെഡലും കേരള പോലീസ് കരസ്ഥമാക്കി.
- കേരളാ പോലീസ് സൈബർഡോമിന് മുഖ്യമന്ത്രിയുടെ 'ഇന്നവോഷൻ ഇൻ പബ്ലിക് പോളിസി' അവാർഡ് ലഭിച്ചു.
- കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ഫിംഗർ പ്രിന്റ് ബ്യൂറോ നടത്തിയ 'സ്മാർട്ട് യൂസ് ഓഫ് ഫിംഗർപ്രിന്റ് സയൻസ് ഇൻ ഇൻവെസ്റ്റിഗേഷൻ' മത്സരത്തിൽ കേരളാ പോലീസിന് മൂന്നാം സ്ഥാനം. ആലപ്പുഴ വെൺമണി ഇരട്ടക്കൊലപാതക കേസ് തെളിയിച്ചതിൽ വിരലടയാള വിദഗ്ധരുടെ വൈദഗ്ധ്യം വിലയിരുത്തിയാണ് പുരസ്കാരം നൽകിയത്.
- CCTNS & ICJS എന്നിവയുടെ പ്രവർത്തന മികവ് പരിഗണിച്ച് കേരള പോലീസിലെ ഉദ്യോഗസ്ഥർക്ക് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ 2023-ലെ 'Good Practices in CCTNS/ICJS' അവാർഡ് ലഭിച്ചു.
- സ്ത്രീകൾക്കും കുട്ടികൾക്കും എതിരായി ഓൺലൈനിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് സജീവമായ ഇടപെടൽ നടത്തിയതിനുള്ള കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ പുരസ്കാരം ലഭിച്ചു.

- കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ 2024-ലെ "കേന്ദ്രീയ ഗൃഹമന്ത്രി ദക്ഷത പദക്ക്" അവാർഡിന് കേരള പോലീസിലെ 04 ഉദ്യോഗസ്ഥർ അർഹരായി. എറണാകുളം, സെൻട്രൽ റേഞ്ച് വിജിലൻസ് എസ്.പി എസ്.ശശിധരൻ ഐ.പി.എസ്, എറണാകുളം, വിജിലൻസ് ഡി.വൈ.എസ്.പി എൻ.ആർ ജയരാജ്, തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ പ്രജീഷ് ശശി, തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബോറട്ടറി, അസിസ്റ്റന്റ് ഡയറക്ടർ ഷീജ.എസ് എന്നിവരെയാണ് അവാർഡിനായി തെരഞ്ഞെടുത്തത്.
- ഫ്യൂച്ചർ ക്രൈം റിസർച്ച് ഫൗണ്ടേഷന്റെ (FCRF) എഫ്.സി.ആർ.എഫ് എക്സലൻസ് അവാർഡിന് കേരള പോലീസ് അർഹരായി. പൊതു-സ്വകാര്യ മേഖലകളുടെ പങ്കാളിത്വത്തോടെ (Public Private Partnership (PPP)) രംഗത്തെ കുറ്റാന്വേഷണം, റിസർച്ച് & ഡെവലപ്മെന്റ്, സൈബർ പോലീസിംഗ് എന്നീ മേഖലകൾക്ക് നൽകിയ സംഭാവനകളാണ് അവാർഡിന് അർഹമാക്കിയത്.
- കേരള പോലീസിലെ ഒന്നാം ബറ്റാലിയൻ അസിസ്റ്റന്റ് കമാണ്ടന്റ് സാജൻ പ്രകാശിന് അർജ്ജുന പുരസ്കാരം ലഭിക്കുകയുണ്ടായി.
- കാനഡയിലെ The Society For The Policing Of Cyberspace (POLCYB) നൽകുന്ന POLCYB ILECA 2025 Gold Winner പുരസ്കാരം. സൈബർ ക്രൈം മാനേജ്മെൻറിൽ വ്യവസായ പങ്കാളികളുമായുള്ള നവീനമായ സഹകരണത്തിലൂടെ മാതൃകാപരമായ നേട്ടങ്ങൾ കൈവരിച്ചതിനുള്ള അംഗീകാരമായി കേരള പോലീസ് CCSE സെന്റർ നേടി. CCSE ടീമിന്റെ അതുല്യമായ പരിശ്രമങ്ങൾക്ക്, പ്രശസ്തമായ അന്തർ ദേശീയ POLCYB ILECA വിധികർത്തു സമിതിയിൽ നിന്ന് 45-ൽ 43 മാർക്കും (96%) എന്ന സ്കോർ ലഭിച്ചു.

- 2021 ജൂൺ 10 ന് വയനാട് പനമരം നെല്ലിയമ്പത്തെ വൃദ്ധദമ്പതികളുടെ കൊലപാതകത്തിൽ പോലീസിന്റെ കുറ്റമറ്റ അന്വേഷണത്തിൽ പ്രതിയെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ സാധിച്ചു. ഇവരുടെ അയൽവാസിയായ യുവാവ് അർജ്ജുൻ ആണ് പോലീസ് പിടിയിലായത്. അന്വേഷണത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ഇയാളെ ചോദ്യം ചെയ്തിരുന്നെങ്കിലും നിരീക്ഷണത്തിൽ വച്ച ശേഷം എല്ലാ തെളിവുകളും ശേഖരിച്ച് പോലീസ് അറസ്റ്റ് ചെയ്യുകയായിരുന്നു.
- 2021 ജൂണിൽ ജനശ്രദ്ധപിടിച്ചു പറ്റിയ വിസ്മയ കേസിൽ ശാസ്ത്രീയ കുറ്റാന്വേഷണ രീതികൾ അവലംബിച്ച് നടത്തിയ അന്വേഷണത്തെത്തുടർന്ന് പ്രതിക്ക് അർഹമായ ശിക്ഷ ലഭ്യമാക്കാൻ കേരളാ പോലീസിനായി. അസ്വാഭാവിക മരണമായി അവസാനിക്കുമായിരുന്ന കേസ് പോലീസിന്റെ കുറ്റമറ്റ അന്വേഷണ മികവ് കൊണ്ടുമാത്രമാണ് സ്ത്രീധന പീഢന മരണമാണെന്ന് തെളിയിക്കപ്പെട്ടത്.
- 2021 ജൂലൈ 21-ന് അഞ്ചൽ ആയൂർ റോഡിൽ പെരിങ്ങള്ളൂർ ഭാഗത്ത് നിർത്തിയിട്ടിരുന്ന ലോറിയിൽ വിശ്രമിക്കുകയായിരുന്ന ഡ്രൈവർ അജയൻപിള്ളയെ കുത്തി കൊലപ്പെടുത്തിയ കേസ് അന്വേഷിച്ച് അതിവേഗം പ്രതികളെ കണ്ടെത്താൻ പോലീസിന് കഴിഞ്ഞു. കവർച്ച നടത്തുന്നതിനായി ഇരുചക്രവാഹനങ്ങളിൽ കറങ്ങിയ സംഘം യാതൊരു തുമ്പും അവശേഷിപ്പിക്കാതെ നടത്തിയ കൊലപാതകം മൊബൈൽ ഫോണുകളും നിരീക്ഷണ ക്യാമറകളും കേന്ദ്രീകരിച്ച് നടത്തിയ ശാസ്ത്രീയ അന്വേഷണത്തിലൂടെയാണ് പോലീസ് തെളിയിച്ചത്.
- 2021 ഡിസംബർ 11-ന് തിരുവനന്തപുരം പോത്തൻകോട് ഗുണ്ടാ സംഘങ്ങൾ തമ്മിലുള്ള മത്സരത്തിലും പ്രതികാരത്തിലും സുധീഷ് എന്നയാളെ അതിക്രൂരമായി കൊലപ്പെടുത്തിയ കേസിൽ 11 പ്രതികളെ അറസ്റ്റ് ചെയ്തു. പൊലീസിന്റെ കുറ്റമറ്റ അന്വേഷണത്തിലും കോടതിയിൽ സമർപ്പിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ 2025 മെയ്യിൽ ബഹു.എസ്.സി/എസ്.ടി കോടതി,നെടുമങ്ങാട് 11 പ്രതികളെയും ജീവപര്യന്തം തടവിന് വിധിച്ചു.
- 2021 ഡിസംബർ 19-ന് ആലപ്പുഴ സ്വദേശി രഞ്ജിത്ത് ശ്രീനിവാസനെ രാഷ്ട്രീയ വൈരാഗ്യത്തെത്തുടർന്ന് 15 അംഗസംഘം വീട്ടിൽ കയറി കുടുംബത്തിനുമുന്നിലിട്ട് വെട്ടിക്കൊന്ന കേസിൽ പോലീസിന്റെ അന്വേഷണ മികവിൽ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യുകയും 2024-ൽ ബഹു.കോടതി 15 പ്രതികൾക്കും വധശിക്ഷ വിധിച്ചിട്ടുള്ളതാണ്.
- 2022 മെയ് 26-ന് കുളിമുറിയിൽ കുഴഞ്ഞ് വീണ് മരിച്ചനിലയിൽ ആശുപത്രിയിൽ എത്തിച്ച യുവതിയുടേത് സ്ത്രീധന പീഡനത്തെ

തുടർന്നുള്ള മരണമാണെന്ന് പോലീസ് കണ്ടെത്തി. ചേർത്തല തണ്ണീർമുക്കത്ത് 42 വയസ്സുള്ള ഹെനയാണ് മരണപ്പെട്ടത്. വിരലടയാള വിദഗ്ധർ ഉൾപ്പെടെ സ്ഥലത്തെത്തി നടത്തിയ പരിശോധനയിലൂടെയാണ് ഭർത്താവായ അപ്പുക്കുട്ടനാണ് കൊലപാതകം നടത്തിയതെന്ന് കണ്ടെത്തിയത്.

- 2022 ഏപ്രിൽ 9-നും 11-നും ഇടയിൽ വയനാട് പുൽപ്പള്ളി ടൗണിൽ പട്ടാപ്പകൽ നടന്ന മോഷണക്കേസിലെ പ്രതികളായ അന്യസംസ്ഥാനക്കാരെ ആസ്സാമിലെത്തി അതി സാഹസികമായി പോലീസ് പിടികൂടി. ഓപ്പറേഷൻ അസ്സം എന്ന പേരിലായിരുന്നു പോലീസ് ആക്ഷൻ. വയനാട് ജില്ലയിൽ നിരന്തരം മോഷണം നടത്തി ജനങ്ങളെ ഭീതിയിലാക്കിയ അന്തർസംസ്ഥാന മോഷണ സംഘത്തെ CCTV ക്യാമറകൾ നിരീക്ഷിച്ചുള്ള പരിശോധനയിലാണ് കണ്ടെത്തിയത്.
- പാലാരിവട്ടം എം.ഡി.എം.എ കേസ് - കേരളത്തിലേക്ക് വലിയതോതിൽ എം.ഡി.എം.എ കടത്തുന്ന സംഘത്തിലെ പ്രധാനിയെ തന്ത്രപൂർവ്വം പാലാരിവട്ടം പോലീസ് പിടികൂടിയിട്ടുള്ളതാണ്. നൈജീരിയൻ പൗരനും ആഫ്രിക്കൻ മയക്കുമരുന്ന് മാഫിയയുടെ പ്രധാന കണ്ണിയുമായ ഒക്കാഫോർ എസ്സേ ഇമ്മാനുവൽ ആണ് ബാംഗ്ലൂരിൽ അറസ്റ്റിലായത്. ജൂലൈ 20-ന് പിടിയിലായ ചില്ലറ ലഹരി വിൽപ്പനക്കാരിൽ നിന്ന് നൈജീരിയൻ പൗരനായ ഒരാളാണ് ബാംഗ്ലൂരിൽ ഇടനിലക്കാരനായി പ്രവർത്തിക്കുന്നതെന്ന വിവരം മനസിലാക്കിയ പോലീസ് അന്വേഷണം ബാംഗ്ലൂരിലേക്ക് വ്യാപിപ്പിച്ചു. തുടർന്ന് സൈബർ പോലീസ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഇയാളുടെ ഒളിസങ്കേതം കണ്ടെത്തി അതിസാഹസികമായി പിടികൂടി.
- തിരുവനന്തപുരം കേശവദാസപുരത്ത് മനോരമ എന്ന വീട്ടമ്മയെ കൊലപ്പെടുത്തി രക്ഷപ്പെട്ട അന്യസംസ്ഥാന തൊഴിലാളിയെ 24 മണിക്കൂറിനകം കേരളാ പോലീസ് പിടികൂടിയിട്ടുള്ളതാണ്. ട്രെയിനിൽ രക്ഷപ്പെടാൻ ശ്രമിച്ച 21 കാരനായ പ്രതി ആദം അലിയെ ചെന്നൈ എക്സ്പ്രസിൽ നിന്നാണ് പോലീസ് പിടികൂടിയത്. കൃതം അറിഞ്ഞ ഉടനെ അയൽവീടുകളിലേയും റെയിൽവേ സ്റ്റേഷനുകളിലേയും ക്യാമറകൾ പരിശോധിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ അതിവേഗം അറസ്റ്റ് ചെയ്യാൻ പോലീസിന് സഹായകമായത്.
- ഇലന്തൂർ ഇരട്ടനരബലിക്കേസ്- കടവന്ത്ര പോലീസിന് ലഭിച്ച പത്മ എന്ന സ്ത്രീയുടെ തിരോധാനവുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണമാണ്

സമൂഹമനസാക്ഷിയെ ഞെട്ടിച്ച ഇലന്തൂർ ഇരട്ട നരബലിക്കേസ് വെളിച്ചത്ത് കൊണ്ടുവരാനായത്. കേസന്വേഷണത്തിന്റെ ഭാഗമായി പോലീസ് പത്മയുടെ ഫോൺകോളുകൾ പരിശോധിതിലൂടെ കൃത്യം ചെയ്തവരിലേയ്ക്ക് പോലീസ് എത്തിചേർന്നു. പഴുതടച്ച അന്വേഷണത്തിലൂടെ ഇത്തരത്തിൽ പൈശാചികകൃത്യത്തിൽ ഏർപ്പെട്ടവരെ പോലീസ് വലയിലാക്കി. ഷാഫി, ഭഗവൽസിങ്, ലൈല എന്നിവരാണ് പ്രധാന പ്രതികൾ.

- മാലിന്യ പ്ലാന്റിൽ മനുഷ്യ കാലുകൾ- മുട്ടത്തറ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ മനുഷ്യക്കാലുകൾ കണ്ടെത്തിയതിന് പിന്നിൽ കൊലപാതകമെന്ന് കേരളാ പോലീസ് കണ്ടെത്തി. തമിഴ്നാട്ടിലും കേരളത്തിലും കാണാതായവരുടെ വിവരങ്ങൾ ശേഖരിച്ച് നടത്തിയ അന്വേഷണത്തിലാണ് കേസിന് തുമ്പുണ്ടായത്. കാണാതായ വ്യക്തികളുടെ ഫോൺകോളുകൾ പരിശോധിച്ച് നടത്തിയ അന്വേഷണമാണ് പ്രതികളിലേയ്ക്കെത്താൻ സഹായകരമായത്. കന്യാകുമാരിയിലെ ലഹരിമാഫിയാ സംഘങ്ങൾ തമ്മിലുള്ള തർക്കമാണ് കൊലപാതകത്തിന് കാരണം. രണ്ട് പേരെ അറസ്റ്റ് ചെയ്തു.
- 14.01.2022-ൽ വിഴിഞ്ഞം മുല്ലൂരിൽ വയോധിക കൊല്ലപ്പെട്ട സംഭവത്തിൽ അതിവേഗ അറസ്റ്റാണ് കേരളാപോലീസ് നടത്തിയത്. മുല്ലൂർ തോട്ടം സ്വദേശിനി 75 വയസ്സുള്ള ശാന്തകുമാരിയെ രാത്രിയോടെ അയൽവാസിയുടെ വാടകവീടിന്റെ തട്ടിൻപുറത്ത് കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. മോഷണത്തെ തുടർന്നുള്ള കൊലപാതകമാണെന്ന് മനസിലാക്കുകയും പോലീസിന്റെ പഴുതടച്ചുള്ള തുടരന്വേണത്തിലാണ് പ്രതികളെ കണ്ടെത്തിയത്. കൂടാതെ ഇതേ പ്രതികളാണ് ഒരു വർഷം മുൻപ് നടന്ന 14 വയസ്സുള്ള പെൺകുട്ടിയുടെ കൊലപാതകത്തിനു പിന്നിലെന്നും കണ്ടെത്തുകയുമുണ്ടായി.
- 06.02.2022-ൽ തിരുവനന്തപുരം അമ്പലമുക്കിന് സമീപത്തെ ചെടിവിൽപ്പന കടയിൽ കൊലപാതകം നടത്തിയ തമിഴ്നാട് സ്വദേശി രാജേന്ദ്രൻ-നെ പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. തമിഴ്നാട്ടിൽ മൂന്ന് കൊലപാതകങ്ങൾ നടത്തിയ ശേഷം ജാമ്യത്തിൽ ഇറങ്ങി ഒളിവിൽ പോയ കൊടും കുറ്റവാളിയാണ് ഇയാൾ. കൂടാതെ നാലു പവന്റെ മാലയുമായി കടന്ന ഇയാൾ യാതൊരു തെളിവും അവശേഷിപ്പിക്കാതെ വേഷം മാറി പല വാഹനങ്ങളിൽ ലിഫ്റ്റ് ചോദിച്ച് രക്ഷപ്പെടുകയായിരുന്നു. രാപകലില്ലാതെ നടത്തിയ അന്വേഷണത്തിലൊടുവിൽ തമിഴ്നാട്ടിലെ വെള്ളമടയിൽ നിന്നും ഇയാളെ പിടികൂടിയത്.

- 2022 ഒക്ടോബർ 25-ന് തിരുവനന്തപുരം പാറശ്ശാലയിൽ ഷാരോൺ രാജ് എന്ന 23 വയസ്സുകാരനെ പെൺസുഹൃത്തായ ഗ്രീഷ്മ ജ്യൂസിൽ കീടനാശിനി കലർത്തി നൽകി കൊലപ്പെടുത്തിയ കേസിൽ പോലീസിന്റെ അന്വേഷണ മികവിൽ പെൺസുഹൃത്തിനെയും ബന്ധുക്കളെയും അറസ്റ്റ് ചെയ്യുകയും നെയ്യാറ്റിൻകര ബഹു.അഡീഷണൽ സെഷൻസ് കോടതി ഒന്നാം പ്രതിയായ ഗ്രീഷ്മയെ വധശിക്ഷയ്ക്ക് വിധിക്കുകയും ചെയ്തു.
- 2023 ഏപ്രിൽ 14-നാണ് കാസർകോട് പൂച്ചക്കാട് സ്വദേശി അബ്ദുൾ ഗഫൂർ ഹാജി.എം.സി എന്ന പ്രവാസി വ്യവസായിയെയാണ് വീട്ടിലെ കിടപ്പുമുറിയിൽ മരണപ്പെട്ട നിലയിൽ കണ്ടെത്തിയത്. സ്വാഭാവികമാണെന്ന് ആദ്യം കരുതിയ മരണത്തിൽ അഞ്ചു കിലോഗ്രാമോളം സ്വർണത്തിന്റെ തിരോധാനം കൂടി ചേർന്നപ്പോൾ കൊലപാതകം ആണെന്ന മനസ്സിലായി. മന്ത്രവാദത്തിലൂടെ സ്വർണം ഇരട്ടിപ്പിച്ച് നൽകാമെന്ന് വിശ്വസിപ്പിച്ചായിരുന്ന തട്ടിപ്പ്, സ്വർണം ഇരട്ടിച്ച് നൽകാതായപ്പോൾ നൽകിയ സ്വർണം തിരികെ ചോദിച്ചു. അവസാനം കൊലപാതകത്തിലേക്ക് നയിക്കുകയായിരുന്നു. ഒന്നര കൊല്ലത്തിനിപ്പുറം ദമ്പതികളായ ടി.എം ഉബൈസ്, കെ.എച്ച് ഷമീന എന്നിവരും ആയിഷ.പി.എം, അസ്നിഫ എന്നീ രണ്ടു സ്ത്രീകളും ഉൾപ്പെടെ നാലുപേരെ കൊലപാതകക്കുറ്റത്തിന് പോലീസ് അറസ്റ്റ് ചെയ്തു.
- 2023 ജൂലൈ 28ന് എറണാകുളം ആലുവയിൽ നിന്ന് കാണാതായ അന്യസംസ്ഥാന തൊഴിലാളിയുടെ മകളായ അഞ്ച് വയസുള്ള പെൺകുട്ടിയെ അഷ്ഫാക്ക് ആലം എന്ന പ്രതി തട്ടിക്കൊണ്ടുപോയി കൊല്ലപ്പെടുത്തി ചാക്കിൽകെട്ടി ആലുവ മാർക്കെറ്റ് ഏരിയയിൽ ഉപേക്ഷിച്ച പ്രതിയെ സിസിടിവി ദൃശ്യങ്ങളുടെ സഹായത്തോടെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യുകയായിരുന്നു. ബഹു.എറണാകുളം പോക്സോ കോടതി പ്രതിക്ക് വധശിക്ഷ വിധിക്കുകയും ചെയ്തു.
- 2024 ഏപ്രിൽ 13-ന് പുലർച്ചെ മലപ്പുറം പൊന്നാനിയിൽ ഐശ്വര്യ തിയേറ്ററിന് സമീപം പ്രവാസിയുടെ അടച്ചിട്ട വീട്ടിൽനിന്ന് 550 പവൻ സ്വർണാഭരണങ്ങൾ മോഷ്ടിച്ച കേസിലാണ് മൂന്ന് പ്രതികളെ പൊന്നാനി പോലീസ് അറസ്റ്റ് ചെയ്തത്. തൃശ്ശൂർ വാടാനപ്പള്ളി സ്വദേശിയും ഇപ്പോൾ പൊന്നാനിയിൽ താമസക്കാരനുമായ സുഹൈൽ, പൊന്നാനി കടവനാട് സ്വദേശി നാസർ, പാലക്കാട് കാവശ്ശേരി സ്വദേശി മനോജ് എന്നിവരാണ് പോലീസ് പിടിയിലായത്.

- 2024 സെപ്റ്റംബർ 29-ന് തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ അഞ്ചേരിയിൽ സ്വർണ്ണാഭരണ പണിശാല നടത്തുന്ന ബംഗാൾ സ്വദേശി സുജോയ് എന്നയാളുടെ സ്ഥാപനത്തിൽ നിന്നും 37 പവൻ സ്വർണം മോഷണം നടത്തിയ വെസ്റ്റ് ബംഗാൾ പശ്ചിമ മേധനീപൂർ സ്വദേശികളായ രവിശങ്കർ ഭട്ടാചാര്യ, അമിത് ഡോളയ് എന്നീ പ്രതികളെ കാരിഗർ ചോർ വെസ്റ്റ് ബംഗാളിൽ നിന്നും ഡിസംബർ 13-ന് കേരളാ പോലീസ് അറസ്റ്റ് ചെയ്തു.
- 2024 ഫെബ്രുവരി 17-ന് കോഴിക്കോട് വടകര ചോറോട് വെച്ചുണ്ടായ അപകടത്തിൽ മുത്തശ്ശിയുടെ ജീവനെടുക്കുകയും ഒൻപതുവയസ്സുകാരിയായ ചെറുമകളെ കോമ അവസ്ഥയിലാക്കുകയും ചെയ്ത് കടന്ന വാഹനത്തെയും ഡ്രൈവറെയും അവിശ്രാന്തപരിശ്രമത്തിലൂടെ പോലീസിന് പിടികൂടാൻ സാധിച്ചിട്ടുള്ളതാണ്.
- വെർച്വൽ അറസ്റ്റ് തട്ടിപ്പിന്റെ മുഖ്യ പ്രതിയെ ബംഗാളിൽ നിന്ന് അറസ്റ്റ് ചെയ്തു. കാക്കനാട് സ്വദേശിനിയായ റിട്ട. പ്രൊഫസറിൽ നിന്നും 4.12 കോടി രൂപ വെർച്വൽ അറസ്റ്റിലൂടെ തട്ടിയെടുത്ത കേസിലാണ് ബംഗാൾ സ്വദേശി ലിങ്കൺ ബിശ്വാസ് എന്ന മുഖ്യപ്രതിയെ കൊൽക്കത്തയിൽ നിന്നും അറസ്റ്റ് ചെയ്തത്. കേസുമായി ബന്ധപ്പെട്ട മലപ്പുറം അരീക്കോട് സ്വദേശികളായ മുഹമ്മദ് മുഹാസിൽ കെ പി മിഷാബ് എന്നിവരടക്കം 15 പേരെ നവംബർ മാസത്തിൽ പോലീസ് അറസ്റ്റ് ചെയ്തിരുന്നു.
- 2024 ഓഗസ്റ്റ് 16-ന് കൊല്ലം കുണ്ടറയിൽ മയക്കമരുന്ന് വാങ്ങാൻ പണം നൽകാത്തതിനെ തുടർന്ന് അമ്മയെയും മുത്തച്ഛനെയും അതിക്രൂരമായി കൊലപ്പെടുത്തിയ പ്രതിയെ കാശ്മീരിലെ ശ്രീനഗറിൽ നിന്നും കേരള പോലീസ് പിടികൂടി. പ്രതിയുടെ പേരിൽ ശ്രീനഗറിൽ ആരംഭിച്ച ബാങ്ക് വിവരങ്ങൾ പോലീസ് കണ്ടെത്തുകയും ആ അക്കൗണ്ടിലേക്ക് പണമിടപാട് നടത്തിയ ശ്രീനഗർ സ്വദേശിനിയെ കണ്ടെത്തിയുമാണ് പൊലീസ് പ്രതിയെ പിടുക്കൂടിയത്.
- 2024 ഓഗസ്റ്റ് 4-ന് എറണാകുളത്ത് കാണാതായ വയോധിക സുഭദ്രയെ ആലപ്പുഴയിൽ കൊന്നു കുഴിച്ചുമൂടിയതായി പോലീസ് കണ്ടെത്തി. സിസിടിവി ദൃശ്യങ്ങളിൽ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് കേസിലെ പ്രതിയിലേക്ക് അന്വേഷണം തിരിഞ്ഞത്. കൊല്ലപ്പെട്ട സുഭദ്ര മറ്റൊരു സ്ത്രീയോടൊപ്പം നടന്നു പോകുന്നതിന്റെ ദൃശ്യങ്ങളിൽ ലഭ്യമായതിൽ കൂടെയുള്ള സ്ത്രീ ശർമിളയെ സുഭദ്ര വർഷങ്ങളായി അറിയുമെന്നും അവരുടെ വാടകവീട്ടിൽ സന്ദർശിക്കാറുണ്ടെന്നും മനസ്സിലാക്കുകയും തുടർന്ന് വയോധികയുടെ ഫോൺ രേഖകൾ ശേഖരിച്ച് നടത്തിയ പരിശോധിച്ചതിൽ

അവസാനത്തെ ഫോൺവിളി ശർമിളയുടെ ഭർത്താവ് മാത്യൂസിനായിരുന്നു എന്ന് വ്യക്തമായിട്ടുള്ളതാണ്. വയോധികയെ കാണാനില്ലെന്ന് പരാതിപ്പെടുന്ന സമയം അവർ ശർമിളയുടെ വീട്ടിൽ ഉണ്ടായിരുന്നുവെന്ന് അയൽവാസികൾ സ്ഥിരീകരിച്ചു. മാലിന്യങ്ങൾ മറവു ചെയ്യാനായി മാത്യൂസ് വീട്ടുവളപ്പിൽ കുഴി എടുത്തിരുന്നതായി അയൽവാസിയുടെ വെളിപ്പെടുത്തലിൽ പോലീസ് കടാവർ നായയെ എത്തിച്ച് പരിശോധന നടത്തി കുഴിച്ചിട്ട സ്ഥലം പോലീസ് കണ്ടെത്തുകയും മൃതദേഹം അമ്മ സുഭദ്രയുടെതാണെന്ന് മക്കൾ സ്ഥിതീകരിച്ചിട്ടുള്ളതുമാണ്.

- ഒറ്റയ്ക്ക് താമസിക്കുന്ന സഹോദരിയെ കാണാതായി എന്ന പരാതിയിന്മേൽ അന്വേഷണം നടത്തിവരുകയായിരുന്നു. ഇതിനകം, എറണാകുളം കെ.എസ് ആർ.ടി.സി.ബസ്റ്റാൻഡിൽ നിന്ന് ലഭിച്ച വിജയലക്ഷ്മിയുടെ ഫോൺ, ബസ് കണ്ടക്ടർ എറണാകുളം സെൻട്രൽ പോലീസിന് കൈമാറിരുന്നു. ഇത് അന്വേഷണത്തിൽ വഴിത്തിരിവായി. ഫോൺ നവംബർ 10-ന് പോലീസിന് ലഭിച്ചെങ്കിലും വിജയലക്ഷ്മി ഒരിക്കൽ പോലും നഷ്ടപ്പെട്ട ഫോണിലേക്ക് വിളിക്കാത്തതിനാൽ അവരുടെ ജീവന് ആപത്തുണ്ടായിട്ടുണ്ടെന്ന് പോലീസ് മനസ്സിലാക്കുകയും ഫോൺ പരിശോധിച്ചതിൽ നിന്ന് ജയചന്ദ്രനുമായി വർഷങ്ങളായി അടുപ്പമുണ്ടെന്നും സാമ്പത്തിക ഇടപാടുണ്ടെന്നും വ്യക്തമായി. ജയചന്ദ്രന്റെ ഫോൺകോളുകൾ പരിശോധിച്ചതിൽ ഇരുവരും നവംബർ 6-ന് രാത്രി ഒരുമിച്ചുണ്ടായിരുന്നെന്ന് തെളിഞ്ഞിട്ടുള്ളതാണ്. തുടർന്ന് കൊലയ്ക്കുള്ള കാരണവും മറവ് ചെയ്ത ജഡവും പോലീസ് പ്രതിയായ ജയചന്ദ്രനിലൂടെ കണ്ടെത്തിയിട്ടുള്ളതാണ്.